വിദ്യാഭിവർദ്ധിനി.

"വിദ്യാധനം സർവ്വധനാൽ പ്രധാനം."

പു: 15. { 109 മിഥുനം } ലക്കം 4.

ഗ്രന്ഥശാലാപ്രസ്ഥാനം.

എ. കേശവപിള്ള.

I.

ഒരു മനുഷ്യനെ സംസ്കൃതനാക്കുന്ന വിഷയത്തിൽ ഗ്രന്ഥശാലയ്ക്കു് ഒരു വലിയ സ്ഥാനമുണ്ടെന്നു്, എൻ. പി. ജാക്ക്സ് എന്ന പണ്ഡിതൻ പറഞ്ഞിരിക്കുന്നു. ഗ്രന്ഥശാലയുടെ ഉപയോഗത്തെപ്പററി നല്ലവണ്ണം പഠിച്ചറിഞ്ഞവരായ പാശ്ചാത്യർ ഇപ്പോൾ, പുസ്തകാലയങ്ങളെ വളരെ പരിഷ്കരിച്ചു് ഏററവും ഉപയോഗയോഗ്യമാക്കിത്തീർത്തിരിക്കയാണു്. അമേരിക്കയിൽ "സഞ്ചരിക്കുന്ന ഗ്രന്ഥശാല" നടപ്പിൽ വന്നിട്ടുണ്ടെന്നു കേൾക്കുമ്പോൾ നിങ്ങളിൽ ചിലർ അതിശയിക്കുമായിരിക്കാം. അതേ അമേരിക്കയിൽ ഇപ്പോൾ ഗ്രന്ഥശാല നടക്കുകയാണു്. അതെങ്ങനെയെന്നു പറയാം. ഇപ്പോൾ, കുറെ പുസ്തകങ്ങളുമായി ഒരാൾ ഗ്രാമങ്ങൾ തോറും സഞ്ചരിച്ചു് വിതരണം ചെയ്യുന്നു. അടുത്തതവണ വേറെ കുറെ പുസ്തകങ്ങളുമായി സഞ്ചരിച്ചു്, അദ്യം വിതരണം ചെയ്ത പുസ്തകങ്ങളെ തിരിച്ചുവാങ്ങി വേറെ പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. ഇങ്ങിനെ സഞ്ചാരരൂപത്തിൽ ജ്ഞാനവിതരണം ചെയ്യാൻ ബദ്ധശ്രദ്ധരായി വേലചെയ്യുന്ന ഒട്ടേറെ സംഘങ്ങൾ അമേരിക്കയിൽ ഉണ്ടു്. ഗ്രന്ഥശാലയുടെ അതുല്യമായ മാഹാത്മ്യത്തെ കൂലങ്കഷമായി മനസ്സിലാക്കിയതുകൊണ്ടാണു്, എല്ലാ ഗ്രാമീണർക്കുംകൂടി

ഉപകാരപ്പെടത്തക്കവണ്ണം അമേരിക്കയിൽ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തിയിരിക്കുന്നതു്.

ഇന്നു് വിദ്യാഭ്യാസത്തിൽ, ഗ്രന്ഥശാലാപ്രസ്ഥാനം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു വിഭാഗമാണു്. ജപ്പാൻ, സ്വിററ്സർലാൻറു്, ജൎമ്മനി, ഇംഗ്ലണ്ടു് തുടങ്ങിയ പരിഷ്കൃതരാജ്യങ്ങളിൽ ഏററവും പരിഷ്കൃതരൂപത്തിൽ, സാമാന്യജനങ്ങൾക്കുകൂടി ഉപയോഗപ്രദമാകത്തക്കവിധത്തിലുള്ള ഗ്രന്ഥശാലകളുണ്ടു്. ഇന്ത്യയിലും ഗ്രന്ഥശാലകൾ വിരളമല്ലെങ്കിലും, മുൻപറഞ്ഞ രാജ്യങ്ങളിലെ ഗ്രന്ഥശാലകളെ മാനദണ്ഡമാക്കി നോക്കുമ്പോൾ ഇന്ത്യയിലെ ഗ്രന്ഥശാലകൾ, ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ ആദ്യപടിയിൽ കിടക്കുന്നവയാണെന്നു് നിസ്സംശയം പറയാവുന്നതാണു്. യൂറോപ്യന്മാർ ഗ്രന്ഥശാലയ്ക്കു ചെലവാക്കുന്നിടത്തോളം പണം ഇന്ത്യക്കാർ ചെലവാക്കുന്നില്ല. പ്രായോഗികപ്രാഥമികവിദ്യാഭ്യാസത്തിന്റെ അഭാവത്താൽ ഇന്ത്യയിൽ ഭൂരിഭാഗം ജനങ്ങൾക്കും ഗ്രന്ഥശാലയുടെ ആവശ്യംതന്നെ ഇല്ല. എല്ലാ പ്രാദേശിക ഗവൎമ്മെൻറുകളും ഗ്രന്ഥശാലാസ്ഥാപനത്തിനും, പരിപോഷണത്തിനുമായി വലിയതുക ചെലവാക്കുന്നില്ല. ഈ വിഷയത്തിൽ മുമ്പിട്ടു നിൽക്കുന്നതു് ബറോഡയാണു്. അവിടെ പ്രാഥമികവിദ്യാഭ്യാസം നിർബ്ബന്ധമാക്കിയിട്ടുണ്ടു്. ഗ്രാമീണഗ്രന്ഥശാലകൾ ധാരാളം സ്ഥാപിക്കയും, അവററയ്ക്കു വേതനം നൽകുകയും ചെയ്യുന്നതിൽ ബറോഡാഗവർമ്മെൻറു ലുബ്ധുവിചാരിച്ചിട്ടില്ലാത്തതുകൊണ്ടു്, ഒരു ശതാബ്ദപാദകാലംകൊണ്ടു് ബറോഡാ ഗ്രന്ഥശാലാപ്രസ്ഥാനപരഷ്കരണത്തിൽ ഒരു നല്ലനിലയെ പ്രാപിച്ചിട്ടുണ്ടെന്നു നിസ്സംശയം പറയാവുന്നതാണു്.

പുസ്തകാലയ മാഹാത്മ്യത്തെപ്പററി നവീനലോകം ധരിക്കുന്നതിനു വളരെ മുമ്പുതന്നെ പുരാതനന്മാർ അറിഞ്ഞിരുന്നു. A. D. 1234-നോടടുത്തകാലത്തു് ദക്ഷിണഭാരതത്തിൽ പാണ്ഡ്യരാജ്യം വാണിരുന്ന സുന്ദരരാജവർമ്മന്റെ ഒരു ശിലാലേഖനത്തിൽ നിന്നും അക്കാലത്തു ഒരു ഗ്രന്ഥശാല സ്ഥാപിച്ചിരുന്നതായി മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ടു്. പൊതുജനങ്ങളുടെ നിത്യോപയോഗത്തിനായി സ്ഥാപിച്ചിരുന്ന ആ ഗ്രന്ഥശാലയിൽ നിരവധി പുസ്തകങ്ങൾ ഉണ്ടായിരുന്നതിനെ സൂക്ഷിപ്പാൻ ഒരു ഉദ്യോഗസ്ഥനെക്കൂടി നിയമിച്ചിരുന്നതായി ആ ശിലാശാസനത്തിൽനിന്നും വ്യക്തമാകുന്നു. എന്നു മാത്രമല്ല, പഴയവീടുകളിൽ ശേഖരിച്ചിരുന്ന ഗ്രന്ഥങ്ങൾ വച്ചുസൂക്ഷിപ്പാൻ ഗ്രന്ഥപ്പുരകൾ ഉണ്ടാക്കിയിരു

ന്നതുതന്നെ ഗ്രന്ഥശാലകളുടെ ഉപയോഗാർത്ഥമാണ്. പുരാതനേന്ത്യയിലെ രാജാക്കന്മാരും പണ്ഡിതന്മാരുമൊക്കെ അസംഖ്യം ഗ്രന്ഥങ്ങൾ ശേഖരിച്ചു സൂക്ഷിച്ചിരുന്നതു ആധുനികകാലത്തെ ഗവേഷകന്മാരുടെ ദൃഷ്ടിക്കു വിഷയീഭവിച്ചിട്ടുള്ളതായി അറിയാമല്ലോ.

ഇങ്ങനെയൊക്കെയാണെങ്കിലും പുസ്തകാലയത്തിന്റെ അത്യാവശ്യകതയെപ്പറ്റി ലോകംമുഴുവനും ഒന്നാകെ ബോധ്യപ്പെട്ടതു അടുത്തകാലത്താണ്. ഇന്ന് വിദ്യാഭ്യാസത്തിൽ ഗ്രന്ഥശാലയുടെ ആവശ്യം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നായിത്തീർന്നിരിക്കുന്നു. ഇന്നത്തെ സർവ്വകലാശാലകൾപോലും പുസ്തകത്തിന്റെ ശേഖരണമാണ്. പുസ്തകങ്ങളുടെ ആവശ്യം വർദ്ധിച്ചുവരുമ്പോൾ, പുസ്തകശാലകളും കൂടുതലായി ഉണ്ടാകേണ്ടതായിരിക്കുന്നു. ഇതൊക്കെ വാസ്തവതത്വങ്ങളാണെങ്കിലും വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ അതിശ്രദ്ധ കാണിക്കുന്ന ജനങ്ങൾ ഗ്രന്ഥശാല സ്ഥാപിക്കുന്നതിൽ ഒരു ശ്രദ്ധയും കാണിക്കുന്നില്ലെന്നു വ്യസനസമേതം പറയാതിരിപ്പാൻ നിവൃത്തിയില്ല.

പുസ്തകാലയത്തിന്റെ മാഹാത്മ്യത്തെപ്പറ്റിയും, പുസ്തകങ്ങളുടെ ഉപയോഗത്തെപ്പറ്റിയും എല്ലാ മഹാന്മാരും ഒന്നുപോലെ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു മഹാനെങ്കിലും, ഗ്രന്ഥശാല ആവശ്യമില്ലെന്നോ, പുസ്തകങ്ങൾ വായിക്കേണ്ടെന്നോ പറഞ്ഞിട്ടുള്ളതായി അറിവില്ല. പുസ്തകങ്ങൾ ഗ്രന്ഥകാരന്മാരുടെ ജീവരക്തംകൊണ്ടു എഴുതിയിട്ടുള്ളതാണെന്ന് മഹാകവി മില്ട്ടൺ പറഞ്ഞിരിക്കുന്നു. ഓരോ പുസ്തകവും, ഓരോ മഹാന്റെയും ആദർശങ്ങളെ വഹിച്ചുകൊണ്ടു പ്രേക്ഷിതക്കു ഹൃദ്യസ്വാഗതം ഏകിക്കൊണ്ടിരിക്കയാണെന്നു എമേഴ്സൻ പറഞ്ഞിട്ടുണ്ട്. ഇങ്ങനെ മഹത്തുക്കളാൽ പ്രഘോഷിക്കപ്പെട്ട ഗ്രന്ഥാലയപ്രസ്ഥാനം നവീനലോകത്തിലെ വിദ്യാഭ്യാസത്തിൽ ഒരു നല്ലസ്ഥാനം കരസ്ഥമാക്കിയിരിക്കയാണ്.

വിദ്യാഭ്യാസത്തിന്റെ ആദർശംതന്നെ ആത്മസംയമനവും, മനഃസംസ്കരണവും ആണല്ലോ. ആദർശങ്ങൾ ഇല്ലെങ്കിൽ ജനസമുദായത്തിന്റെ പ്രവൃത്തികൾക്കു ലാക്കില്ലാതെ പോകുന്നതാണ്. ആദർശങ്ങളെ സൃഷ്ടിക്കുവാൻ ഗ്രന്ഥത്തിനു കഴിയുന്നു. ഗ്രന്ഥാലയം, പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞവരുടേയും പ്രായമായവരുടേയും വിദ്യാഭ്യാസത്തിനുള്ള കലാശാലയാണ്. അതു കാലസംഖ്യ നിശ്ചയിക്കാതെ തുടർന്നുപോകുന്ന ഒരു പാഠശാലയാണ്. ലൈബ്രേറിയൻ ഈ പാഠശാലയിലെ അദ്ധ്യാപകനുമാണ്!!

II

ഗ്രന്ഥശാല മനഃസംസ്കരണത്തിന് ഏററവും പററിയ ഒരു സ്ഥാപനമാണ്. അനവരതമുള്ള പാരായണം നൂതനാശയങ്ങളെയും, നവീനാദർശങ്ങളേയും പ്രദാനം ചെയ്യുന്നു. പല മഹാന്മാരുടേയും ചിന്താഫലങ്ങളും, അനുഭവസിദ്ധാന്തങ്ങളും ആണ് പുസ്തകങ്ങളിൽ സംഗ്രഹിച്ചു ചേർത്തിരിക്കുന്നതു്. അതുകൊണ്ടു്, പാരായണക്കാരനു കിട്ടുന്ന ജ്ഞാനം സീമാതിതമാണ്. ജ്ഞാനം സമ്പാദിക്കുവാൻ പുസ്തകാലയങ്ങൾ കൂടിയേതീരു. ഗ്രന്ഥശാലയുടെ സഹായം കൂടാതെ ജ്ഞാനം സമ്പാദിക്കാൻ പുറപ്പെടുന്നതു്, കാലുകൂടാതെ നടക്കാൻ ശ്രമിക്കുന്നതിനു തുല്യമാണെന്ന് ഒരു മഹാൻ പറഞ്ഞിട്ടുള്ളതു വളരെ വാസ്തവമാണ്. ഗ്രന്ഥശാല വിദ്യാലയത്തിൻെറ ഹൃദയമാണെന്നു മറെറാരു മഹാൻ പറഞ്ഞിട്ടുണ്ടു്. ഏതുവിധമായാലും ഗ്രന്ഥശാലയുടെ സഹായം കൂടാതെ ഒരുവന് ശരിയായ ജ്ഞാനം സമ്പാദിക്കുവാൻ കഴിയുമെന്നു വിചാരിക്കുന്നതു കേവലം മൗഢ്യമാണെന്ന് ലോകം ഇപ്പോൾ സമ്മതിച്ചു കഴിഞ്ഞു.

പാശ്ചാത്യർ ഗ്രന്ഥശാലകളെ വിദ്യാഭ്യാസത്തിൻെറ ഉൽകൃഷ്ടമായ ഒരംഗമായി കരുതിപ്പോരുന്നുണ്ടു്. അക്ഷരജ്ഞാനം സിദ്ധിച്ചിട്ടുള്ളവരുടെ ജ്ഞാനം നശിക്കാതിരിക്കാൻ ഗ്രന്ഥശാല വളരെ ഉപകരിക്കുന്നു. എന്നു മാത്രമല്ല, പ്രായമായവരുടെ ജ്ഞാനവർദ്ധനയ്ക്കും ഗ്രന്ഥശാല വളരെ സഹായം ചെയ്യുന്നുണ്ടു്. ലോകത്തിൻെറ ഗതിവിഗതികളെപ്പററിയുള്ള സൂക്ഷ്മജ്ഞാനം സിദ്ധിക്കണമെങ്കിൽ ഗ്രന്ഥശാല അത്യാവശ്യമാണ്. ഈ വിഷയത്തിൽ ഇന്നത്തെ പബ്ലിക് ലൈബ്രറികൾ ചെയ്യുന്ന സഹായം ചില്ലറയല്ല. നവീനലോകത്തിനു സംഭവ്യമായിക്കൊണ്ടിരിക്കുന്ന മാററങ്ങളെയോ, ഭരണഗതികളെയോപററി ഇന്ന് സാമാന്യജനങ്ങൾ അറിയുന്നതു ഗ്രന്ഥശാലകൾ വഴിയായിട്ടാണ്. ഗ്രന്ഥശാലകൾ ഇല്ലാതിരുന്നെങ്കിൽ സാമാന്യജനങ്ങൾക്കു രാഷ്ട്രീയമായി വലിയ ജ്ഞാനം ഉണ്ടാവാൻ വഴി കാണുകയില്ലായിരുന്നു.

പ്രാഥമിക വിദ്യാഭ്യാസം ഒരുവനെ ലൈബ്രറികളെ ഉപയോഗിക്കാൻ പ്രാപ്തനാക്കിത്തീർക്കുന്നു. ആ വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുവാൻ ലൈബ്രറിയുടെ ആവശ്യം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. അതുകൊണ്ടു വിദ്യാഭ്യാസം നടപ്പിൽ വരുത്തുകയും, എന്നാൽ ഗ്രന്ഥശാലാപ്രസ്ഥാനം നടപ്പിൽ വരുത്താതിരിക്കയും ചെയ്യുന്നതു്, വിദ്യാഭ്യാസത്തോടു ചെയ്യുന്ന ഒരു ഭീമാപരാധമാ

കുന്നു. ഈ തത്വം മനസ്സിലാക്കിയിട്ടാണ് പരിഷ്കൃതഭരണകൂടങ്ങളൊക്കെ ഗ്രന്ഥശാലാസ്ഥാപനത്തിൽ ബദ്ധശ്രദ്ധരായിട്ടുള്ളത്.

പാശ്ചാത്യരാജ്യങ്ങളിൽ ഗ്രന്ഥശാലകളെ പല തരങ്ങളായി തിരിച്ചിട്ടുണ്ട്. ഒരുമാതിരി ഗ്രാമീണജനങ്ങൾ വിനോദപരമായ പാരായണത്തെ ഇഷ്ടപ്പെടുന്നു. വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും വിജ്ഞാനഗ്രഹണത്തിനായുള്ള ഗ്രന്ഥങ്ങളെ ആരായുന്നവരാണ്. കച്ചവടക്കാരും, തൊഴിലാളികളും അവരുടെ തൊഴിലിലേക്കാവശ്യമായ സംഗതികൾ മാത്രം അറിഞ്ഞാൽ മതിയെന്നുള്ളവരാണ്. അ അവശ്യത്തിലേക്കായി പത്രങ്ങളിൽനിന്നും, മാസികകളിൽനിന്നും അവൎക്കാവശ്യമെന്നു കാണുന്ന ഭാഗം മാത്രം വെട്ടിയെടുത്തു സൂക്ഷിക്കുന്ന പതിവു എല്ലാ പ്രധാന ഗ്രന്ഥശാലകളിലും നടപ്പുണ്ട്. ഇപ്പോൾ ചില രാജ്യങ്ങളിൽ, കുരുടന്മാരുടെ ആവശ്യത്തിലേക്കുള്ള ഗ്രന്ഥങ്ങൾകൂടി ലൈബ്രറികളിൽ ശേഖരിച്ചിട്ടുണ്ട്. പക്ഷെ അതു വളരെ ചുരുക്കമെന്നു മാത്രം.

ലോകത്തിൽ ഗ്രന്ഥശാലയുടെ ആവശ്യം അനുദിനം കൂടിക്കൂടി വരികയാണ്. ഗ്രന്ഥപാരായണം മനോവികാസത്തിലേക്കുള്ള സോപാനമാണെന്നു മനുഷ്യർ മനസ്സിലാക്കിയതോടുകൂടി കൂടുതലായി ഗ്രന്ഥശാലകൾ ഉണ്ടാക്കുവാൻ താല്പൎയ്യപ്പെടുന്നുണ്ട്. ഇപ്പോൾ ലോകത്തിലെ എല്ലാ പരിഷ്കൃതഗവമ്മെൻറുകളും ഗ്രന്ഥശാലാപ്രസ്ഥാനത്തിനായി ഒരു നല്ല തുക ചെലവാക്കിപ്പോരുന്നുണ്ട്. ജപ്പാൻ ഈ വിഷയത്തിൽ മുന്നിട്ടുനിൽക്കുന്നു. ജപ്പാനിൽ പ്രാഥമികവിദ്യാഭ്യാസം നിർബ്ബന്ധമാക്കിയതിനാൽ ഇപ്പോൾ നൂററിനു ഏറും സാക്ഷരന്മാരാണ്. അതുകൊണ്ട് അവിടെ അനവധി ഗ്രന്ഥശാലകളുടെ ആവശ്യം ഉള്ളതിനൊക്കെ ഗവമ്മെൻറു സഹായധനം നൽകുന്നുണ്ട്. നമ്മുടെ നാട്ടിലെപ്പോലെ ഗ്രന്ഥശാലകളെ നശിപ്പിച്ചുകാണണമെന്നുള്ള ദൂഷിച്ച മനഃസ്ഥിതി ജപ്പാനിലില്ലാത്തതുകൊണ്ട് അവിടെ ഗ്രന്ഥശാലകളും, ഗ്രന്ഥപാരായണക്കാരും അനുദിനം വൎദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. ജപ്പാനിൽ ഒരു സാമാന്യകൂലിക്കാരൻപോലും, ദിനപത്രം വായിക്കാനറിയാവുന്നവനും, അതിൽ ഉൽസുകനും ആണെന്നറിയുമ്പോൾ ആരുതന്നെ അതിശയിക്കയില്ല?

ഇന്ത്യയിൽ പ്രായോഗികലൈബ്രറിപ്രസ്ഥാനം വന്നിട്ടുള്ളതു ബങ്കാളത്തിലാണ്. വംഗഭാഷയ്ക്കു ഇന്ത്യയിലെ മററു ഭാഷകളെ അപേക്ഷിച്ചു സാഹിത്യസമ്പത്തു കൂടുതലുള്ളത് ഇതിനൊരു കാരണമാകുന്നു. അടുത്ത കാലത്തു ഗ്രന്ഥാലയപരിപാലനവിഷയത്തിലേക്ക്, മദ്രാസ് സൎവ്വകലാശാലയിൽനിന്നും ഇരുപതുപേരെ

തെരഞ്ഞെടുത്തു് അഭ്യസിപ്പിക്കയുണ്ടായിട്ടുണ്ടെന്നുകൂടിപ്രസ്താവിച്ചുകൊള്ളട്ടെ. നാട്ടുരാജ്യങ്ങളിൽ, ഇപ്പോൾ തിരുവിതാംകൂറിൽ ഗ്രന്ഥശാലാപ്രസ്ഥാനത്തിനു് ഒരു നവജീവൻ ഉണ്ടാവാൻ പോകുന്നതായി തോന്നുന്നു. അതിലേക്കുള്ള ഒരു ചട്ടം ഉണ്ടാവുകയും, എല്ലാ ഗ്രന്ഥശാലകൾക്കും നല്ലതരത്തിലുള്ള വേതനം സൎക്കാരിൽനിന്നും കൊടുക്കയും ചെയ്യുമെന്നു തോന്നുന്നു. ഗ്രന്ഥശാലാപ്രസ്ഥാനത്തിൻെറ വിപുലമായ മാഹാത്മ്യത്തെ ഇപ്പോഴെങ്കിലും ഇന്നാട്ടുകാർ മനസ്സിലാക്കിയല്ലോ എന്നു വിചാരിച്ചു് സമാധാനപ്പെടാനെ തൽക്കാലം വഴിയുള്ളു. ഗവൎമ്മെൻറു കനിഞ്ഞു, നല്ല തരത്തിൽ ഗ്രന്ഥശാലാപ്രസ്ഥാനത്തെ ഇന്നാട്ടിലും പരിപോഷിപ്പിക്കുമെന്നു പ്രത്യാശിക്കാം. നമ്മുടെ നാട്ടിലുള്ള ഗ്രന്ഥശാലകൾ നന്നാകണമെങ്കിൽ ആളുകളുടെ സ്വാൎത്ഥബുദ്ധി നിശ്ശേഷം നശിക്കയും, ഗ്രന്ഥശാലകളെ ഇല്ലാതാക്കണമെന്നുള്ള കുടിലത ഇല്ലാതാകയും, എടുത്തുകൊണ്ടുപോകുന്ന പുസ്തകങ്ങൾ തിരിച്ചേല്പിക്കണമെന്നുള്ള മനഃസ്ഥിതി ഉണ്ടാവുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. അഭ്യസ്തവിദ്യന്മന്ന്യന്മാരുടെ ദുഷിച്ച മനഃസ്ഥിതിമൂലം ഗ്രന്ഥശാലകൾക്കു വന്നുകൂടുന്ന ശോച്യാവസ്ഥ ഏതുപ്രകാരമാണെന്നു് ഒരു ഗ്രന്ഥശാലയുമായി എപ്പോഴും ഇടപെട്ടുകൊണ്ടിരിക്കുന്ന എനിക്കു നല്ലവണ്ണം അറിയാമെന്നുള്ളതുകൊണ്ടു ഇത്രയും എഴുതിയതാണു്.

അഷ്ടാംഗഹൃദയം

വാസുദേവീയം എന്ന വിസ്താരമായ ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്.

സൂത്രസ്ഥാനം പൂൎവ്വാൎദ്ധം.

വില ക 3-0-0-മൂന്നുരൂപ.

ആവശ്യപ്പെടേണ്ടും മേൽവിലാസം.

പണ്ഡിത സി. കെ. വാസുദേവശൎമ്മാ,

കോതാണത്തു് ഇല്ലം,

പൈങ്കണ്ണൂരു്—വളാഞ്ചേരി.

എസ്സ്. റ്റി. റഡ്യാർ, ആൻറു് സൺസ്—കൊല്ലം.

സാരമില്ലിഹ മനുഷ്യജീവിതം.

(ചെമ്മനാട്, പി. കെ. കൃഷ്ണപിള്ള)

പാരിടം പരമൊരിന്ദ്രജാലമാം
മോടിവിദ്യയുടെ കൂത്തരങ്ങുതാൻ
പാടുപെട്ടുവലയേണ്ട; മർത്ത്യരേ!
സാരമില്ലിഹ മനുഷ്യജീവിതം.

ആര്യരായ നരരായ് ജനിച്ചുദുർ-
വൃത്തിയാൻ കഴിയുന്നുവെങ്കിലോ
മർക്കടത്തിനു ലഭിച്ചമാലതാൻ;
സാരമില്ലിഹമനുഷ്യജീവിതം.

ചേലിയന്ന മണിമാളികയ്ക്കകം-
വാണിടുന്നനൃപനും, ദരിദ്രനും
കാലപാശമൊരുപോലെ, യോർക്കിലോ
സാരമില്ലിഹ മനുഷ്യജീവിതം.

യോഗ്യതയ്ക്കിവനടുത്തുനില്ക്കുവാ-
നാരുമില്ല ഭുവനത്തിലെന്നു ഹാ!
ഗർവിയന്നു തെളിയുന്നഭോഷരേ!
സാരമില്ലിഹ മനുഷ്യജീവിതം.

സാരസാക്ഷികൾ സരോജ,മിന്നതിൽ
സാരമുണ്ണുവതിനീ യുവാളിയും
സാരമായ കൊതിയർ; നിനയ്ക്കിലോ-
സാരമില്ലിഹ മനുഷ്യജീവിതം.

കീരവാണിയിൽ വിചാരവും, ധനം
പാരമാർത്തിയൊടു തേടിവയ്ക്കയും,
സാരമാംവലിയ ജോലിയും, വൃഥാ
സാരമില്ലിഹ മനുഷ്യജീവിതം.

സ്വർണ്ണമുള്ളവ കൊട്ടത്തുപൂത്തനാം
പുച്ഛപണ്ടപൂത്തമോടി കാൺകയാൽ
വാങ്ങിടുന്ന പടുഭോഷരോക്കണേ!
സാരമില്ലിഹ മനുഷ്യജീവിതം.

സ്വാദിയന്ന തെളിനീർ നിറഞ്ഞിടും
പൊയ്കവിട്ടു ചെളിനീർകുടിക്കുവാൻ
പാഴ്‌വേലതുടരേണ്ട ചിത്തമേ!
സാരമില്ലിഹ മനുഷ്യജീവിതം.

ത്യാഗകഞ്ചുകമണിഞ്ഞു മേൽക്കുമേൽ
ജീവരാശിയിലലംദയാർദ്രരായ്
സാരവസ്തുവറിയാത്തമൂഢരേ!
സാരമില്ലിഹ മനുഷ്യജീവിതം.

മൌഢ്യമാൺ കുലഹീനർചെയ്തിടും
ഹീനവൃത്തിഹൃദി സന്ത്യജിച്ചുനാം
ഉദ്ധരിക്ക പുരുഷാർത്ഥ; മോൎക്കിലോ-
സാരമില്ലിഹ മനുഷ്യജീവിതം.

ആരുഞാനെവിടെ നിന്നുവന്നെനി-
യ്ക്കാരുകൂട്ടരിനി യാത്രയെങ്ങുവാൻ
നേരുമാർഗ്ഗമിതറിഞ്ഞിടായ്കിലോ
സാരമില്ലിഹ മനുഷ്യജീവിതം.

ജന്മമെത്രയിനിയും ലഭിപ്പതെ-
ന്നാൎക്കുമില്ലുപ്പൊളുരചെയ്കിടാവതോ
സത്യധർമ്മമിവയെത്യജിയ്ക്കിലോ-
സാരമില്ലിഹ മനുഷ്യജീവിതം.

മായതന്നിൽ മുഴുകിക്കുഴങ്ങിടും
ലോലമായ ഹൃദയത്തെ വേണ്ടപോൽ
ഈശസന്നിധിയിലാക്കിടായ്കിലോ
സാരമില്ലിഹ മനുഷ്യജീവിതം.

ധർമ്മവിത്തു വിളയുന്നിടത്തു, സൽ-
ക്കർമ്മവേലി ദയകൊണ്ടുകെട്ടിനാം
ശർമ്മമന്യനു വരുത്തിടായ്കിലോ
സാരമില്ലിഹ മനുഷ്യജീവിതം.

ദേവനേയുമകതാരഴിഞ്ഞു നാം
ദേവിയേയുമൊരുപോൽ ഭജിക്കണം
ഏതുനേരവുമതല്ലയെങ്കിലോ-
സാരമില്ലിഹ മനുഷ്യജീവിതം.

—:*:—

"മഹാകവി ദണ്ഡിയും കദാനുപഞ്ചകവും."

(ചോറവർ. സി. ജി. നാരായണൻ നമ്പൂതിരി.)

കദാനുപഞ്ചകത്തിലേതെന്ന് ധരിച്ചിട്ടല്ലെങ്കിലും അതിൽ ഒരു ശ്ലോകമോ പാദമോ തോന്നുകയോ പക്ഷെ കേട്ടിരിക്കയോ ചെയ്യാത്ത ആളുകൾ സഹൃദയന്മാരുടെ ഇടയിൽ സുദുർല്ലഭമാണ്.

സംസ്കൃതാനഭിജ്ഞന്മാർക്കു പോലും ചൊല്ലി രസിക്കാൻ തക്ക പദലാളിത്യവും ശൃംഗാരപ്രസക്തിയും തികഞ്ഞ ഈ കൃതി വെണ്മണികൃതിപോലെ ആര്യഭാഷയിൽ നടപ്പുള്ളതാണ്. ഒററ ശ്ലോകക്കാർ "കദാനുകാന്തേ സുരതാന്തരേതേ" എന്ന ശ്ലോകമെങ്കിലും ചൊല്ലാതിരിക്കാറില്ല. ശൃംഗാരപ്രധാനമായ ഈ കൃതിയുടെ ഉല്പത്തിയേക്കുറിച്ച് ഐതിഹ്യമുള്ളത് ഇവിടെ പ്രസ്താവിക്കാം.

കദാനുപഞ്ചകകർത്താവ് മഹാപണ്ഡിതനായ ദണ്ഡി മഹാകവിയാണ്. ഇത്് നിർവ്വിവാദം തന്നെ. ഇദ്ദേഹം കാളിദാസൻെറ സമകാലികനായിരുന്നു. കാളിദാസൻെറ ജീവിതകാലം 1040—1090-ക്രിസ്താബ്ദത്തിനിടയ്ക്കാണെന്ന് കാണാം. അതിനാൽ ആയിടയ്ക്ക് അദ്ദേഹവും ജീവിച്ചിരുന്നിരിക്കണം. അഞ്ചാവത്തത്തിൽ സംസ്കൃതഭാഷാസാഹിത്യം ഉച്ചനിലയെ പ്രാപിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. അന്ന് ഏററവും സാഹിത്യപ്രണയിയായിരുന്ന ഭോജരാജൻ തൻെറ രാജധാനിയിൽ നവരത്നങ്ങളെന്ന് വിഖ്യാതിയുള്ള വിദ്വൽസദസ്സിനെ പരിരക്ഷിച്ചിരുന്നു. അതാണ് വിശ്വവിശ്രുതമായ ഭോജരാജസദസ്സ്. ആ സദസ്സിലെ വിദ്വൽശിരോമണികളത്രെ, കാളിദാസൻ, ദണ്ഡി, ഭവഭൂതി ഭട്ടി, വരരുചി, വരാഹമിഹിരൻ ഇവരെല്ലാം. ഈ പണ്ഡിതാഗ്രേസരന്മാർ മത്സരിച്ച് പാണ്ഡിത്യഗർവ്വിതന്മാരായി പലപ്പോഴും തമ്മിൽ വെല്ലുവിളിക്കാറുണ്ട്. എന്നാൽ അതൊക്കെ ഭോജരാജസന്നിധിയിൽ കേൾക്കുകയാണ് പതിവ്. അ

ങ്ങനെ ഒരിക്കൽ ദണ്ഡികവിയും കാളിദാസനും തമ്മിൽ നേരിട്ട വാദം കേൾക്കാൻ ഭാരതീദേവി തന്നെ പ്രത്യക്ഷമായതായും ഒടുവിൽ ഭവാനിയെക്കൊണ്ട് "കവിർദ്ദണ്ഡിഃ കവിർദ്ദണ്ഡിഃ കവിർദ്ദണ്ഡിഃ" എന്ന് മൂന്നുരു അരുൾചെയ്യിച്ചതായും മററും മററൊരൈതിഹ്യവും ദണ്ഡിയെക്കുറിച്ചുണ്ട്.

സ്വതേ ധീരനും യുവകോമളനും അതിമാനുഷപണ്ഡിതനുമായ ദണ്ഡിയുടെ ശുക്രദശയിൽ മററവർ അസൂയാലുക്കളായിരുന്നോ? എന്നുകൂടി സംശയിക്കാം. ഏതായാലും ഭോജരാജന് ദണ്ഡിയെ വലിയ കാര്യവും മതിപ്പും സ്നേഹവുമായിരുന്നു. ആ ഊർജ്ജസ്വലതാരം—ദണ്ഡികവി-പെട്ടെന്ന് അസ്തമിച്ചു പോയതിൽ അധികം സങ്കടപ്പെട്ടതു് ഭോജരാജനാണ്.

യുവാവായ ദണ്ഡികവി ഏററവും കഷ്ടാരൂഢമായ ജീവാവസാനസമയം സ്വപ്രേയസിയോടായി ആലപിച്ച പ്രേമമകരന്ദമാണ് പ്രസ്തുത കൃതി. ദണ്ഡിയുടെ പ്രേയസിയോ ഭോജരാജാവിൻെറ മകളും വിദുഷീരത്നവുമായ രാജകുമാരിയുമായിരുന്നു. ദണ്ഡിയും രാജകുമാരിയുമായുള്ള പ്രേമബന്ധം അളവററു് രഹസ്യദാമ്പത്യത്തിൽ കലാശിച്ചു. ഒടുവിൽ ജാരശങ്കയാ രാജകിങ്കരർ ചെയ്ത ഖലവൃത്തിയേററു് രാജകുമാരിയുടെ സൌധാങ്കണത്തിൽ—കൊടിയവാൾ ശൂലം തുടങ്ങിയ ആയുധാസ്ത്രരണം തറച്ചു—മുറിപ്പെട്ടു് അർദ്ധപ്രാണനായി മരിക്കാൻ കിടന്നപ്പോൾ—ദണ്ഡികവി മുകളിലത്തെ നിലയിൽ സ്വകാമിനിയായ രാജകുമാരിയെ പ്രസമീക്ഷിച്ചു് പ്രകൃതിരാമണീയകമായ ഈ അഞ്ചു പദ്യരത്നങ്ങളും നിർമ്മിച്ചു ചൊല്ലി എന്നാണ് ഐതിഹ്യം. "ഉപമാ കാളിദാസസ്യ ഭാരവേരർത്ഥഗൌരവം ദണ്ഡിനഃപദലാളിത്യം-" എന്ന പൂർവ്വോക്തി ഇതിലെത്ര അർത്ഥവത്തെന്നു് കാണുക!

കദാനുപഞ്ചകം.

കദാനു കാന്തേ! സുരതാന്തരേ തേ
പശ്യാമി താന്തേ വദനാരവിന്ദേ
പയസ്സമുദ്രോദിതചന്ദ്രബിംബേ
പീയൂഷബിന്ദൂനിവ ഘർമ്മബിന്ദൂൻ.? ൧

മമ ഭുജമുപധാനം കല്പയിത്വാ തവൈകം
പൃഥുനി ജഘനചക്രേ സന്നിധായ ദ്വിതീയം
അധരമമൃതകല്പം കാമമാസ്വാദ്യ നിദ്രാം
വരതനു! സുരതാന്തേ സേവയിഷ്യേ കദാനു? ൨

വിപരീതരതെ വിലാസവത്യാ
വിഗളന്മാല്യയുതം ശിരോജഭാരം
നിപതന്തമുരഃസ്ഥലേ വികീർണ്ണം
പരിസംഗൃഹ്യ കദാന വേഷ്ടയാമി.? ൩.

ആലോലനീലായതലോചനായാ
നീലാളിമാലാകലിതാളകായാഃ
ആലംബനാചുംബനലാലസായാ
ലപ്സ്യേ, കുചാന്തശ്ശയനം കദാനു? ൪.

പഞ്ചത്വം തനുരേതു ഭൂതനിവഹാഃ
സ്വാംശൈർമ്മിളന്തു ധ്രുവം
ധാതസ്ത്വാം പ്രണിപത്യ കിഞ്ചിദധുനാ
യാചേ നിബദ്ധാഞ്ജലിഃ
തദ്വാപീഷു പയസ്തദീയമുകുരേ
ജ്യോതിസ്തദീയാങ്കണ-
വ്യോമ്നി വ്യോമ തദീയവർത്മസു ധരാ
തത്താലവൃന്തേƒനിലം.

അവസാനം ദണ്ഡിയുടെ പ്രാർത്ഥന! പഞ്ചഭൂതാംശകമായ ഈ ശരീരം നശിച്ച് അവ ഓരോന്നും (പൃഥിവ്യപ്തേജോവായുരാകാശങ്ങൾ) സ്വാംശങ്ങളോട് ചേർന്ന് ലയിക്കട്ടെ. അതിലൊന്നും ഖേദമില്ല. പിന്നെയോ സർവ്വശക്ത! അങ്ങയെ ഞാൻ തൊഴുതുണർത്തുന്നത്—എൻെറ ദൈഹികമായ ആ ജലാംശം അവൾ (കാമുകിയായ രാജകുമാരി) "കുളിക്കും ജലത്തിലും, തേജസ്സ് അവൾ നോക്കും കണ്ണാടിയിലും, ആകാശം അവൾ ലാത്തുന്ന അങ്കണത്തിലും ഭൂമി അവൾ ചരിക്കും രഥ്യയിലും വായു അവൾക്കു വീശും താലവൃന്തത്തിലും ആക്കി ലയിപ്പിക്കുവാൻ ദയവുണ്ടാകണമെന്ന് മാത്രം? ഹാ! എന്തൊരു അർത്ഥഗർഭമായ രസികൻ പ്രാത്ഥന! ഇതിൽ കൂടുതൽ ഒരു കാമിക്ക് എന്തു കഴിയും പ്രാർത്ഥിക്കാൻ.

അഞ്ചാമത്തേതായ ഈ പദ്യമാലിക ചൊല്ലിപ്പൎയ്യവസാനിച്ചപ്പോൾ ദുസ്സഹദുഃഖം കൊണ്ട് പ്രേമപരവശയായ രാജകുമാരിയും കീഴ്പ്പോട്ടെടുത്തു ചാടി ദണ്ഡിയുടെ മാറ്വിൽ ശരണം പ്രാപിച്ചു. ഉടൻ രണ്ടാത്മാക്കളുമൊപ്പം പ്രേമൈക്യം പൂണ്ട് ഇഹലോകവാസം വെടിയുകയും ചെയ്തതാണ് കഥാവസ്തു.

എത്ര ഹൃദയസ്പൃക്കായ പ്രണയചരിതം! ഇങ്ങനെ യഥാർത്ഥപ്രേമവും കവിതയും കളിയാടുന്ന കവനകുസുമങ്ങൾ, സമഗ്രമായ

രൂപലാവണ്യത്താൽ---കവിയുടെ സൃഷ്ടിമാധുൎയ്യപ്പൊന്നിൻകുടത്തിൽ സൂൎയ്യകാന്തിയുദ്വഹിച്ചു് നമ്മുടെ പൌരസ്ത്യകാവ്യാരാമത്തിൽ നിതരാം വിഹരിക്കുന്നുണ്ടു്.

പാശ്ചാത്യക്ക് കീററ്സു് രചിച്ച "ഇസബെല്ലായും, സ്പെൻസറിൻെറ പ്രൊഥലേമിയനും" കവീശപരതപം കല്പിക്കുമെങ്കിൽ—രവീന്ദ്രനാഥടാഗോർ പറഞ്ഞിരിക്കുംപോലെ—അത്ര ബഹുമാനശീലരല്ലാത്ത—നമ്മുടെ ഇടയിൽ ഏതുതൽ കലാവിദ്യകളുടെ അശോകുഡ്മളം പ്രസരിക്കാൻതക്ക ബഹുമതിപോലും മതിയാകാതെ പോകുന്നതു് ഏററവും പരിതാപകാരണമല്ലേ? ഇതു് മനസ്സിലാക്കുമ്പോഴേ നമ്മുടെ സഹൃദയസാഹിത്യങ്ങൾ അനുഗൃഹീതമാവൂ!!

സമാപ്തം.

ചികിത്സാസാരസംഗ്രഹാപരനാമകം

ചക്രദത്തം.

ഗൂഢാൎത്ഥദീപിക എന്ന ഭാഷാവ്യാഖ്യാനസഹിതം.

പുരാതനങ്ങളായ പല ആയുൎവേദഗ്രന്ഥങ്ങളിൽനിന്നും ഇതുവരെ വെളിക്കുവരാത്തവയും സുഖസാദ്ധ്യങ്ങളും ആയ പല സിദ്ധരോഗങ്ങളെ കഷായം, ചൂൎണ്ണം, വടകം, തൈലം, ഘൃതം, ആസവം, അരിഷ്ടം മുതലായ രീതിയിൽ സംഗ്രഹിച്ചു ചക്രപാണി കവിയാൽ എഴുതിയിട്ടുള്ള ഒരു ഉത്തമ വൈദ്യഗ്രന്ഥമാണ്. ഇതിൽ ശരീരചികിത്സമുതൽ വാജീകരണവിധിവരെയുള്ള സകല ചികിത്സകളും സ്നേഹവിധി, വസ്തിവിധി, നസ്യവിധി മുതൽ ഒരു വൈദ്യൻ അറിഞ്ഞിരിക്കേണ്ട സകല കാൎയ്യങ്ങളും ൬൭-ൽപരം അധികാരങ്ങളിലായി വിവരിച്ചിട്ടുണ്ടു്. ൭൦൦-ൽ അധികം പേജുള്ള ഈ മഹാഗ്രന്ഥത്തിൻെറ വില തല്ക്കാലം ൨ൽ രൂപാ മാത്രം.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

"നൎമ്മസല്ലാപഗാനം."

(ഡോക്ടർ സി. ജി. നാരായണൻനമ്പൂതിരി.)

I

നിന്നെയമ്പോടുകാണുമ്പോളെന്റെ
കണ്ണിണക്കെന്തോരാനന്ദം!
ആനന്ദം പരമാനന്ദം പര-
മാനന്ദം പരമാനന്ദം!
പാൎത്തിടട്ടെ, നേത്രോത്സവത്തൊടു-
മാൎത്തിയോടും ഞാനെപ്പൊഴും!
ത്തൂനവം വികസിച്ചീടുന്നൊരു
പൂവുപോൽ നിന്നെയോമനേ!

!

സാന്ദ്രരൂപികേ! നിന്മനസ്സിനു-
മെൻമനസ്സിനുമൊന്നുപോൽ
ഭവ്യവാസനയങ്കുരിപ്പിക്കും
ബന്ധുര പ്രേമ കോരകം.
ഏതുവാസരം കാത്തിരിക്കുന്നോ
വിധുമധുപൂരം പുലരുവാൻ
നാളിലന്നൊരു പുഷ്പഹാരം നീ
നാളീകാക്ഷിതൊട്ടതതിൽ
ആരചിച്ച മൽ പ്രേമബന്ധുര-
കോരകാലതിൻ "നായകം"
സൌന്ദൎയ്യാനന്ദകന്ദളം യുവ
വൃന്ദമാനസത്തുന്ദിലം
വീശിടുമുദ്യൽ സൌരഭം പ്രണ-
യാശയം വഴി നിന്നിൽ ഞാൻ.

III

ജീവനായികേ! ബന്ധമെന്തു നീ
വേർപെടുമ്പോഴും ഞാൻ വെമ്പുവാൻ
നീയടുക്കുമ്പോഴും മിണ്ടാതെ മന്ദ-
നായ് നിന്നും പനിമാറുവാൻ

തിങ്കൾ കാണുന്ന നേരത്തു പേടി-
ച്ചോട്ടമന്നോരിരുളുപോലെങ്ങും.

നീയില്ലാത്തപ്പോൾ നിൻ പാട്ടുപാടി
ശ്രുവസുഖം ചേർക്കാൻ മുതിരും ഞാൻ
കാണുമ്പോൾമിണ്ടാനരുതാതെനിന്നു
വിഷമിക്കുന്നല്ലോ വിടുഭോഷൻ!
നീ മാറിടുമ്പോൾ നിന്നെപ്പുൽകുവാ-
നതിയാശാവഹം കുതികൊള്ളും
പൊന്താരിൻ മൊട്ടു പുണരുവാൻ പൊയ്ക്ക-
നീന്തീടും വൃഥാ തെന്നൽ ഞാൻ.

അതുലചാഞ്ചല്യമാണൊട്ടുക്കം നിൻ
പുതിയ പൂമേനി പുണരുമ്പോൾ
കളിയാക്കീടൊല്ലേ, മൃദുലഹാസത്താ-
ലൊളിചിന്നും മട്ടെൻ കളവാണീ!.

അൽഭുതരാമായണം.

ലളിതമലയാളഗദ്യത്തിൽ ഇതാ തയാറായിരിക്കുന്നു.

രാമായണപ്രബന്ധത്തിൻെറ അത്ഭുതരഹസ്യങ്ങൾ അറിയണമെങ്കിൽ, രാമായണപാരായണംതന്നെ സഫലമാകണമെങ്കിൽ, ഈ ദിവ്യഗ്രന്ഥം വായിക്കണം. ഇതു വേദാന്തതത്വരത്നങ്ങൾ നിറയെ പതിച്ച കഥാരൂപമായ ഒരു കനകാഭരണമാണു്. ശതകോടിഗ്രന്ഥമഹാരാമായണത്തിലെ കഥാമാലയിലെ നടുനായകമാണു്. മഹാരാമായണം അത്ഭുതോത്തരഖണ്ഡത്തിൽ 27 സർഗ്ഗങ്ങളിൽ അടങ്ങിയ പ്രബന്ധമാണു്. അനവധി വിശിഷ്ടവിചിത്രചരിതങ്ങൾ ഇതിൽ വായിക്കാം.

പുസ്തകം ഒന്നുക്കു വില അണ 8.

ടി ലൈബ്രറി പതിപ്പു് ഒന്നുക്കു് വില അണ 12.

വി. വി. പ്രസ്സ്—കൊല്ലം.

കാവ്യസാമഗ്രികൾ

(തുടർച്ച)

(ടി. പി. രാമകൃഷ്ണപിള്ള.)

വ്യംഗ്യാൎത്ഥനിബന്ധനം ആശയഭംഗിയെ സംബന്ധിച്ചിടത്തോളം തുലോം പ്രാധാന്യമേറിയ ഒരു കാൎയ്യമാകുന്നു. വാച്യാതിശായികളും, ആലോച്യമാനമധുരങ്ങളും ആയ നവീനാൎത്ഥങ്ങളെ സഹൃദയഹൃദയത്തിൽ സംജാതമാക്കുകയാണു് ഇതിന്റെ സ്വഭാവം. വ്യംഗ്യത്തിന്റെ പ്രാധാന്യാപ്രാധാന്യങ്ങളെ ആസ്പദമാക്കി, ധ്വനി, ഗുണീഭൂതവ്യംഗ്യം, ചിത്രം എന്നു കവിതയ്ക്കു മൂന്നു വിഭാഗങ്ങളും, അവയ്ക്കു് യഥാക്രമം ഉത്തമമദ്ധ്യമാധമത്വവും, പ്രതാപരുദ്രീയാദി സാഹിത്യശാസ്ത്രഗ്രന്ഥങ്ങളിൽ കല്പിച്ചിരിക്കുന്നു. ഇവയ്ക്കു് ഓരോന്നിനും, അവാന്തരവിഭാഗങ്ങളുമുണ്ടു്. കവിതയെ വ്യംഗ്യോപജീവിയാക്കുന്നതിൽ പരമായി, അതിന്റെ രസോത്തരതയ്ക്കു് മററുമാൎഗ്ഗങ്ങളൊന്നുംതന്നെയില്ലെന്നുള്ള ആലങ്കാരികമതത്തെ ഇങ്ങനെ ചുരുക്കത്തിൽ സൂചിപ്പിക്കുന്നതല്ലാതെ അതിനെക്കുറിച്ചുള്ള കൂടുതൽ വിചാരം ഇവിടെ ആവശ്യമില്ല. രസകരമായ ഒരു വാച്യാൎത്ഥംതന്നെ സഹൃദയന്മാരെ ആകൎഷിക്കുമെന്നിരിക്കെ, അതിനെക്കാൾ രമണീയങ്ങളായ ഇതരാൎത്ഥങ്ങൾകൂടി ഉൽഭൂതമാകുന്നപക്ഷം, ആ കവിതയ്ക്കുണ്ടാകാവുന്ന ഗുണാധിക്യം ഏകദേശം ഊഹ്യമാകുന്നു. വ്യംഗ്യത്തിന്റെ സാമാന്യസ്വഭാവം താഴെ കാണിക്കുന്ന ഉദാഹരണത്തിൽനിന്നു വ്യക്തമാകും.

"ചലകിസലയരാഗംചൂണ്ടു തെല്ലൊന്നണിപ്പൂ-
ക്കുലകളുടെ കനത്താൽ ചാഞ്ഞവല്ലീസമൂഹം
മലർമുടിയിലണിഞ്ഞോരഗ്ര്യവൃക്ഷങ്ങളായ് ച്ചേ-
ന്നലംലുരുചിവിളങ്ങീടുന്നിതാക്കാനനത്തിൽ."

വാച്യമായ വൃക്ഷലതാപ്രസ്താവത്തിനു പുറമേ, അനുരാഗബദ്ധമായ ഒരു യുവമിഥുനത്തിന്റെ ഉപസ്ഥിതികൂടി ഈ പദ്യം കാരണമായിരിക്കയും, തദ്വാരാ ഇതു് വ്യംഗ്യമധുരമായിത്തീരുകയും ചെയ്തിരിക്കുന്നു. വ്യംഗ്യോപജീവിയായ ഇത്തരം കവിതകളാണു്, സഹൃദയന്റെ അസാധാരണമായ ആനന്ദാനുഭൂതിക്കു കാരണമാകുകയും, സാഹിത്യത്തെ ആലോചനാമൃതമാക്കിത്തീൎക്കുകയും ചെയ്യുന്നതെന്നു് വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

അലങ്കാരങ്ങളെപ്പററിയാണു്, ഇനി അല്പം ചിന്തിക്കുവാനു

ള്ളതു്. അലങ്കാരങ്ങൾ, ആഹാര്യശോഭാകരങ്ങളാണു്. എങ്കിലും, അവയുടെ അനവദ്യതയും, സാർവ്വത്രികത്വവും വിചാരിച്ചാൽ കാവ്യസാമഗ്രികളിൽ അഗ്രിമസ്ഥാനംതന്നെ അവയ്ക്കു കൊടുക്കേണ്ടതാണെന്നു തോന്നിപ്പോകും. അലങ്കാരങ്ങളെ ഒഴിച്ചാൽ, കാളിദാസകവിതയ്ക്കുകൂടി അതിന്റെ ഇന്നത്തെ പ്രാധാന്യം ലഭിക്കുമോ എന്നു്, സംശയമാണു്. കവികളുടെ നാനാവിധമായ മനോധർമ്മങ്ങളുടെ സുന്ദരസ്വരൂപമാണു്, അലങ്കാരങ്ങളെന്നപേരിൽ കാണപ്പെടുന്നതു്. ഒന്നിനെക്കുറിച്ചു്, കവികൾ ചെയ്യുന്ന ഭംഗ്യന്തരേണയുള്ള പ്രതിപാദനത്തിൽനിന്നും അലങ്കാരങ്ങൾ ആവിർഭവിക്കുന്നു. ഒരു വസ്തുവിനെ അതേരീതിയിൽ വർണ്ണിക്കുന്നപക്ഷം, അതിലെ കാവ്യാംശം നഷ്ടപ്പെടുകയും അതു് ശാസ്ത്രപരിധിയിൽ ഉൾപ്പെടുകയും ചെയ്യും. 'വക്രോക്തിഃ കാവ്യജീവനം' എന്ന ആലങ്കാരികമതത്തിനു നിദാനം ഇതാകുന്നു. കവികളുടെ സ്വതന്ത്രമായ ഈ ചമൽക്കാരസമ്പാദനരീതിതന്നെയാണു്, അവരെ ക്രാന്തദർശികളാക്കുന്നതെന്നും പറയാം. ആശയപ്രകടനത്തിൽ കാണുന്ന ഈ അന്യജ്ജത്വം, ഏറക്കുറെ മിക്ക അലങ്കാരങ്ങളിലും അന്തർഭൂതമായിരിക്കുന്നു. ശ്ലേഷമൂലകമായി വക്താവു് വിവക്ഷിക്കാത്ത അർത്ഥം കല്പിച്ചു് ഉത്തരം പറയുന്ന ഒരു പ്രത്യേകജാതി അലങ്കാരം മാത്രമല്ല, പ്രകൃതത്തിൽ ഉദ്ദേശിച്ചിട്ടുള്ളതെന്നു വിശേഷിച്ചു് പറയേണ്ടതില്ല. പരമാർത്ഥത്തിന്റെ സാക്ഷാൽ സ്വരൂപത്തിൽനിന്നുള്ള ഒരു അകൽച്ചയും, ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിലുള്ള ഒരു വളച്ചുകെട്ടലും, സാമാന്യേന എല്ലാ അലങ്കാരങ്ങൾക്കും മൂലമായിരിക്കുന്നു. അലങ്കാരങ്ങളുടെ സജീവത്വവും അവയുടെ ഏതാദൃശസ്വഭാവത്തിലാണു് സ്ഥിതിചെയ്യുന്നതു്. എന്നാൽ "മഹീപതേ! ഭാഗവതോപമാനം" "താമരസാക്ഷന്റെ മെത്തേടെതാഴത്തു്" ഇത്യാദി പ്രസിദ്ധമായ പദ്യഭാഗങ്ങളാൽ, ഇവ വാസ്തവമായ കവിതാസാമ്രാജ്യത്തിനു വെളിയിലാണെന്നു വിചാരിക്കുന്നവരുണ്ടായേക്കാം. പക്ഷേ,

"കയ്യിൽക്കോരിയവാരിയിൽ കരടുനീക്കീടുംവിധൌമുഗ്ദ്ധയാം
മയ്യൽക്കണ്ണിനിജേക്ഷണപ്രതിമയെപ്പെട്ടന്നതിൽകാൺകയാൽ
അയ്യയ്യോ,കരിമീനമുണ്ടിതുകുടിക്കാൻ നാമിറങ്ങീടിലും
വയ്യെന്നോർത്തുവലിച്ചെറിഞ്ഞതു കളഞ്ഞാളക്കളാഭാഷിണി."

ഈവിധമായ പദ്യഭാഗങ്ങളിൽനിന്നും, ഇവയുടെ പ്രയോഗം എത്രത്തോളം രസകരമാണെന്നു ഏകദേശം മനസ്സിലാക്കാം. വർണ്ണിതയായ യുവതിയുടെ കണ്ണുകൾക്കുള്ള രമണീയതയും, തദ്വാരാ അവളുടെ സൌന്ദര്യപ്രകർഷവുമാണു് ഇവിടത്തെ പ്രതിപാദ്യവി

ഷയം. എന്നാൽ ആ സംഗതി നേരേ പറയാതെ, ഈവിധം വ
ളച്ചുകെട്ടി ഒരു ഭ്രാന്തിമദലംകാരദ്വാരാ പ്രസ്താവിച്ചിരിക്കുന്നു.
ഇതിൽ അടങ്ങിയിരിക്കുന്ന മററു് അലംകാരങ്ങളും പ്രകടമാണല്ലൊ.
അലംകാരങ്ങളുടെ മഹിമയെ ഓരോ വിധത്തിൽ പ്രത്യക്ഷമാക്കുന്ന
പദ്യങ്ങൾ, കവിതാസാമ്രാജ്യത്തിൽ സംഖ്യാതീതമായി കാണുവാൻ
കഴിയും. അവയുടെ അവധാനപൂർവ്വമായ പ്രയോഗം എന്നും ആ
നന്ദകരമായി പരിലസിക്കുകയും ചെയ്യും.

അർത്ഥകല്പനയുടെ വൈവിധ്യത്തെപ്പററി ആലോചിക്കുന്നാപ
ക്ഷം പ്രസ്താവയോഗ്യമായ സംഗതികൾ ഇനിയും, കാണാൻ കഴി
യും. അവയെ സാമഗ്ര്യേണ പ്രതിപാദിക്കുന്നതു് ഏറെക്കുറെ അശ
ക്യമാകുന്നു. 'നിയതികൃതനിയമരഹിതമായ' ഒരു ഭാവനാലോ
കത്തിൽ സ്വൈരവിഹാരം ചെയ്യുന്ന കവി രമണീയങ്ങളും, സന്ദ
ർഭാനുസൃതങ്ങളുമായ ഓരോ ആശയങ്ങളെ സ്വകാവ്യത്തിൽ നിബ
ന്ധിക്കുകയും, അവ ഓരോവിധം സഹൃദയാനന്ദസന്ദായികളായി
രിക്കയും ചെയ്യുന്നു. എന്നുമാത്രമേ അതിനെപ്പററി ചുരുക്കത്തിൽ
പറയുവാനൊള്ളൂ.

സ്വകവിതയെ ശോഭനമാക്കുന്നതിനു ഒരു കവിക്കുണ്ടായിരി
ക്കേണ്ട ഗുണങ്ങളിൽ ചിലതിനെ സംബന്ധിച്ചാണു്, ഇനി ചി
ന്തിക്കുവാനുള്ളതു്. നിരീക്ഷണനൈപുണ്യം ഇക്കൂട്ടത്തിൽ പ്രാമാ
ണ്യമേറിയ ഒന്നാകുന്നു. നിപുണതാകാരണമായ ലോകപരിചയ
ത്തെപ്പററി മുൻപറഞ്ഞതു് ഇവിടെ സ്മർത്തവ്യമാണു്. പരിപക്വ
വും, സൂക്ഷ്മവും ആയ ലോകപരിചയംകൊണ്ടു മാത്രമേ സ്വകർമ്മ
ത്തിൽ വിജയം സമ്പാദിക്കുവാൻ ഒരു കവിക്കു കഴികയുള്ളൂ. കേ
വലം സങ്കല്പപ്രഭാവമായ ഒരു ലോകത്തിലാണു്, കവിയുടെ വ്യാ
പാരം എന്നിരിക്കിലും ആ ചിന്തകളുടെ അടിസ്ഥാനം പ്രാപഞ്ചി
കങ്ങളായ വസ്തുക്കളും സംഭവങ്ങളുമായിരിക്കും. അതുകൊണ്ടാണു് ക
വിത, സാമാന്യലോകത്തിനു രുചികരമായിത്തീരുന്നതു്. ലോകദൃ
ഷ്ട്യാ അസാധാരണമായി തോന്നുന്ന സംഗതികൾ വായനക്കാർക്കു
സ്വീകാരയോഗ്യമായിവരികയോ, കവിതയുടെ ഉദ്ദേശങ്ങളെ നിർവ്വ
ഹിക്കുവാൻ പര്യാപ്തമായിത്തീരുകയോ ചെയ്യുന്നില്ല. തന്നിമിത്തം
കവിതാവിഷയമാകുന്ന വസ്തുക്കളെ സംബന്ധിച്ചുള്ള സൂക്ഷ്മമായ
ജ്ഞാനം കവിക്കുണ്ടായിരിക്കണം. അതിന്റെ രമണീയമായ ഭാവ
ങ്ങളേയും, സ്ഥിതിവിശേഷങ്ങളേയും കണ്ടറിയുന്നതിനും കവിക്കു
ശക്തിയുണ്ടായിരിക്കണം. കവിത പ്രകൃതിയാകുന്ന മഹാഗ്രന്ഥത്തി
ന്റെ വ്യാഖ്യാനങ്ങളും, കവികൾ, പ്രപഞ്ചരഹസ്യങ്ങളുടെ ദ്രഷ്ടാ
ക്കളും ആയിത്തീരുന്നതു്, ഈ വിധമുള്ള സൂക്ഷ്മനിരീക്ഷണത്താ

ലാകുന്നു. വായനക്കാർക്ക് രസകരമായ ഭാവവിശേഷങ്ങളെ സൂക്ഷ്മതയോടുകൂടി കണ്ടറിയുന്നതും, അവയെ തന്മയത്വത്തോടുകൂടി വർണ്ണിച്ചു ഫലിപ്പിക്കുന്നതും മററും സൂത്ര്യർഹമായ കവികർമ്മപരിചയത്തിന്റെ ഫലമാകുന്നു.

"വാരിവലിച്ചിട്ടത്തൊരുനൽപ്പട്ടഴി
ച്ചാരാൽനിലത്തുവിരിച്ചതിങ്കൽ
പാവക്കിടാവെക്കിടത്തിമണിവള
രാവമുദിക്കേയതിൻതുടമേൽ
അമ്മലർക്കൈയിനാൽ താളംപിടിച്ചുകൊ-
ണ്ടമ്മയായ്പാടിയുറക്കുകയും."

എന്നിങ്ങനെ തുടങ്ങുന്ന മഹാകവി വള്ളത്തോളിന്റെ 'കിളിക്കൊഞ്ചലി'ലെ പല ഭാഗങ്ങളും, നിരീക്ഷണസ്വഭാവത്തിന്റെ മാധുര്യത്തെ വെളിപ്പെടുത്തുന്ന കവിതകളാണ്. ബാലികയായ സീതയുടെ ക്രീഡാലാലസത്വം മാത്രമല്ല, ഉത്സാഹശീലം, ജിജ്ഞാസ, അസ്ഥിരത്വം മുതലായ പല പ്രത്യേക സ്വഭാവങ്ങളും അനന്യസാധാരണമായ നിരിക്ഷണപ്രഗത്ഭതയോടുകൂടി കവി, ഇതിൽ ചിത്രീകരിച്ചിരിക്കുന്നു.

വർണ്ണനാസാമർത്ഥ്യം, കവികൾക്കുണ്ടായിരിക്കേണ്ട മററൊരു വിശിഷ്ട ഗുണമാകുന്നു. ചിന്താലോകത്തിന്റെ വിസ്തൃതവും വിലോഭനീയവുമായ ആകാശത്തിൽ കവിഹൃദയത്തിന് അതിന്റെ ഭാസുരമായ ഭാവനാപക്ഷങ്ങൾ വീശി യഥേച്ഛം പറന്നുനടക്കാൻ അവസരം ഉണ്ടാക്കുന്നതു വർണ്ണനമാകുന്നു. വർണ്ണനത്തിന്റെ വിഷയം, സ്വഭാവം, ഇവയെ സംബന്ധിച്ചു ശാസ്ത്രീയമായ അതിരുകളുണ്ടെങ്കിലും ഉത്തമനായ ഒരു മഹാകവിക്ക് ഇവയൊന്നും ബാധകമായിരിക്കുന്നില്ല. ആനന്ദോൽപാദകമായ കവിതയെ നിയമബദ്ധമാക്കാതിരിക്കുകയാണ് സമുചിതമെന്നും പറയാം. കലയുടെ സൗന്ദര്യ്യം, അപരിമേയമായിരിക്കുന്നു. കവികളുടെ മനോധർമ്മവിലാസവും, ചിന്താഗതിയും വ്യത്യസ്തരീതിയിൽ കാണപ്പെടുകയും ചെയ്യുന്നു. അതിനാൽ, ഓരോ കവിക്കും, അവരവരുടെ ഹൃദയഗതിക്ക് അനുസരണമായ വർണ്ണനാരീതിയേയും, സൗന്ദര്യ്യാഭിവ്യഞ്ജനസ്വഭാവത്തേയും, അംഗീകരിക്കാൻ അധികാരമുണ്ട്. കവി ഹൃദയത്തെ നിയമബദ്ധമാക്കുവാനുള്ള ശ്രമം നിയമശൃംഖലയുടെ കണ്ണികളെ പലപ്പോഴും ശിഥിലീകൃതമാക്കിത്തീർക്കുകയാണു ചെയ്തിട്ടുള്ളത്. ഇത്രയും പറഞ്ഞതിൽനിന്നു വർണ്ണനത്തെ സംബന്ധിച്ചിടത്തോളം, യാതൊരുവിധമായ പരിമിതികളും, ആവശ്യമില്ലെന്നു വരുന്നില്ല. കാവ്യത്തിന്റെ സ്വരൂപത്തിനും, സ്വഭാവത്തി

നം അനുസരണമായവിധം വൎണ്ണനത്തിലും ക്രമീകരണം വേണ്ടതാണ്. പക്ഷേ, അതാതു കവികൾതന്നെയാണ്, അവയെ ക്രമപ്പെടുത്തേണ്ടതു് എന്നുമാത്രമേ മുൻപറഞ്ഞതിൽനിന്നു ഉദ്ദേശിക്കേണ്ടതുള്ളു. ലോകോത്തരമായ ഉൽകൃഷ്ടകവിതകളിലെല്ലാം ഈ ഗുണം ഉണ്ടായിരിക്കയും ചെയ്യും. കവികുലചക്രവൎത്തിയായ കാളിദാസരുടെ കുമാരസംഭവപ്രസിദ്ധമായ പാൎവ്വതീവൎണ്ണനതന്നെ ഈ വിഷയത്തിൽ ദൃഷ്ടാന്തമായി എടുത്തുനോക്കാം. നായികയായ പാൎവ്വതിയുടെ ശരീരസൗന്ദൎയ്യത്തെ അദ്ദേഹം പടിപടിയായി ഉയൎത്തി പ്രസ്തുത ഘട്ടത്തിലെ ശൃംഗാരരസത്തിനു ക്രമാഗതമായ ഉൽകൎഷം വരുത്തുകയും, ഒടുവിൽ,

"സൎവ്വോപമാദ്രവ്യസമുച്ചയേന യഥാപ്രദേശംവിനിവേശിതേന
സാ നിൎമ്മിതാ വിശ്വസൃജാപ്രയത്നാ ദേകത്രസൗന്ദൎയ്യ ദിദൃക്ഷ-
യേവ"

എന്നിങ്ങനെ വൎണ്ണിച്ചു്, അതിന്റെ പരമാന്ത്യത്തിൽ എത്തിച്ചതിനുശേഷം ആ ഭാഗത്തെ ഉപസംഹരിക്കയും ചെയ്തിരിക്കുന്നു. അംഗവൎണ്ണനകളിലും മററും രസിക്കാത്ത ആധുനികലോകത്തിനു പോലും പ്രസ്തുതകവിത നീരസകരമായിരിക്കുമെന്നു തോന്നുന്നില്ല. അതിന്റെ അന്യാദൃശമായ ആശയസൗകുമാൎയ്യം, ക്രമഭംഗി, പരിമിതി മുതലായ ഗുണങ്ങളെ ഇതിനു കാരണമായി വിചാരിക്കയും ചെയ്യാം.

അഗസ്ത്യരാമായണം.

കേരളഭാഷാഗദ്യം.

(ഹാഫ് ടോൺപടങ്ങളോടുകൂടിയതു്.)

സാക്ഷാൽ അഗസ്ത്യമഹൎഷിയാൽതന്നെ പറയപ്പെട്ടിട്ടുള്ളതും ശ്രീരാമചരിതം ആദ്യവസാനം അടങ്ങിയിരിക്കുന്നതും ആയ ഈ മഹാഗ്രന്ഥത്തിൽ ഇതരരാമായണങ്ങളിൽ സംഗ്രഹിക്കപ്പെട്ടിട്ടില്ലാത്ത അനേക സംഗതികളും അത്ഭുതകഥകളും കാൎയ്യകാരണങ്ങളെ സംഘടിപ്പിച്ചു ചേൎത്തിട്ടുള്ളതും ഏററവും ലളിതമായ ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ളതുമായ ഈ പുസ്തകം ഒന്നുക്കു വില രൂപാ 1 അണ 4. ടി ലൈബ്രറിപ്പതിപ്പു് 2 രൂപാ.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

നീർക്കുമിളസാക്ഷി.

(ആലപ്പാട്ട് രാമൻനായർ.)

വെള്ളപ്പള്ളംകുതെളിനീരൊഴുകുന്നാപമ്പ-
യ്ക്കുള്ളാത്തടത്തിലമരുന്ന ഗൃഹസ്ഥരായി
വെൺകോലമുള്ളജനമിങ്ങുവരുന്നമുൻപാ-
യുള്ളൊരാത്തുർരണ്ടുമറയോരുളവായിരുന്നു. ൧

ശംഭാഖ്യനെന്നധനവാനൊരുവിപ്രനന്ത്യൻ
വമ്പിച്ചസൂരി"സുമനസ്സ്"വരനുമോഹാൽ
കമ്പംപിടിച്ചുധനവിദ്യകൾനേടിയായുർ-
ഗ്രന്ഥത്തിലെ ബഹ്വംശങ്ങൾ മറിച്ചുതള്ളി. ൨

പിന്നീടൊരിക്കലവരീബ്ഭവസാഗരത്തിൻ-
കോളേല്ക്കിലല്പമറിയുന്നൊരുഭാവമോടെ
ഒന്നിച്ചുപാപശമനോല്ക്കരതീർത്ഥമാടാ-
നന്നീട്ടുഭാണ്ഡവുമെടുത്തുനടന്നുമന്ദം. ൩

മോക്ഷത്തിനുള്ളപടിയാം*മവിമുക്തപുണ്യ-
ക്ഷേത്രത്തിലെത്തി ജഗദീശ്വരപൂജചെയ്തു
സാക്ഷാദ്വിയന്നദിയിലൊക്കുളിയുംകഴിച്ചി-
ട്ടാക്ഷേപണീദേവരകമേപരിതുഷ്ടിയാർന്നു. ൪

പോരുംവഴിക്കുസുമനസ്സിനുതങ്കനാണ്യം
പൂരിച്ചപൊൽക്കലശമൊന്നുലഭിച്ചുദൈവാൽ
ശംഭുദ്വിജന്റെധനതൃഷ്ണയെഴുംമിഴിക്ക-
ന്നേരം പ്രപഞ്ചമഖിലംബതമഞ്ഞളിച്ചു. ൫

വേണ്ടാവിഷാദമിതിലർദ്ധമെടുത്തുനിങ്ങൾ-
ക്കാകാംമഠത്തിലണയും സമയത്തിലെന്നായ്
കൊണ്ടാടിതോഴരുളുംമൊഴിശംഭുവിന്ന-
നുണ്ടാക്കിയൊട്ടുശമമെന്നുനമുക്കുതോന്നി. ൬

* അവിമുക്തം=ശ്രീകാശി.

അയുർവ്വശാൽപനിപിടിച്ചുതളൎന്നുമാർഗ്ഗ
ക്ഷേത്രത്തിലെത്തി സുമനസ്സുകിടന്നുപോയി
മായംവിനാസമുചിതംചിലതങ്ങുശുശ്രൂ-
ഷിച്ചിട്ടുശംഭുവുമടുക്കലിരുന്നിരുന്നു. ൭

ശ്വാസംവലിക്കുമിടയിൽ സുമനസ്സുതാനാ-
ശ്വാസത്തൊടേവമുരിയാടിസഖാവിനോടെ
വീതിച്ചുപാതിമടിയെന്നിയെഎൻെറവിണ്ണു-
രാതൻെറകൈയിലതുളേണമിതാങ്ങുനിങ്ങൾ. ൮

ഇമ്മാരി"നീർക്കുമിളസാക്ഷി"യിതിന്നിതോതി-
സ്സമ്മാന്യനായിസുരരാൽസുമനസ്സുനാകേ
വൻമോഹമാൻകലശത്തെവഹിച്ചുശംഭു-
പ്പാരമ്പരങ്ങുനിജമന്ദിരമാൻവേശം. ൯

പൊൻനാണയക്കുടമൊഴിച്ചുവിശേഷമെല്ലാം
തൻതോഴർതൻെറഅവരോധസുതാദികൾക്കും
അന്നാട്ടുകാർക്കുമറിവിച്ചുപെരുത്തശോകം
നന്നായ് നടിച്ചുനിജവേശ്മനിവാണുശംഭു. ൧൦

കാലംകുറച്ചുകഴികെക്കുടജങ്ങൾപൂത്തും
വേഴാമ്പൽക്കുകിയുമനന്തമിരുണ്ടുമേററം
മൈലാടിയുംവരികവേ ഒരുനാളകത്തെ
ക്കോലായിലായ് സപദിശംഭുവിരുന്നിരുന്നു. ൧൧

താർത്തണ്ടിനൊത്തചെറുകൈകൾവളക്കിലുക്ക-
ത്തോടൊത്തുതൻെറചുമലിൽസ്സുഖമേകിടുമ്പോൾ
വർഷാംബുശീകരപരമ്പരവീണുമുററ-
ത്തുണ്ടായനീർക്കുമിളകണ്ടുചിരിച്ചുവിപ്രൻ. ൧൨

പൊട്ടിച്ചിരിച്ചസമയത്തിലിതെന്തിനെന്നൊ
കഷ്ടംഭവാൻപരിഹസിക്കുകയല്ലിചെയ്തു
അഷ്ടാംഗലക്ഷണമിയന്നൊരുതൻെറപൊൽപ്പൂ-
പട്ടൊത്തമേനിയുടയോളിതുചോദ്യമായി. ൧൩

കോപംനടിച്ചുരസമററുപിണങ്ങിനിൽക്കു-
ന്നാപക്ഷ്മളാക്ഷിയൊടിതൊന്നുരചെയ്കയെന്ന്യേ!
ഹാ! പോക്കുവേറെഅവനൊന്നുമറിഞ്ഞിടാതാ-
യാഗൂഢകാര്യമവളോടുരഹസ്സിലോതി. ൧൪

ഏതോ! പറഞ്ഞൂതിരുമേനിയതെന്തു! കുഞ്ഞാ-
ത്തോലേ! രഹസ്യമതുഞാൻ ചിലതങ്ങുകേട്ടു
മാതാവിനാണപറയായ്കിലിതാനടക്കു-
ന്നേനങ്ങുവീട്ടിലിവിടെസ്സുഖമില്ലപിന്നെ. ൧൫

ഏവംസ്വകീയസഖിയാംപ്രിയദാസിനിർബ്ബ-
ന്ധിച്ചിട്ടുകാര്യമവളെദ്വിജപത്നിതാനും
പൂവമ്പനാൻകളിവേളയിലാത്തമോദാൽ
തൻകാന്തനെസഖിയുമങ്ങറിവിച്ചുഗൂഢം. ൧൬

ഏവംചെവിക്കുചെവിയായവിടുള്ള സർക്കാ-
രീവാർത്തകേട്ടുവെളിവായിനടന്നപോലെ
ആ വഞ്ചകദ്വിജനെയങ്ങുവരുത്തികുററം
ന്യായേനചെത്തുവിധിപോൽപ്പുരുശിക്ഷയേകി. ൧൭

നിന്ദ്യൻശംഭുമഹീസുരൻെറധനവും
നിക്ഷേപവുംപ്രേത്യനായ് -
നന്ദിക്കുംസുമനസ്സുതൻെറസുതനായ്
സർക്കാരെടുത്തേകിനാൽ
എന്നീവാർത്തവിലേഖചെയ്തവിടെയും
വൃത്താന്തപത്രത്തിലാ-
യന്നാട്ടിൽകുടിപാർത്തിടുംജനതപി-
ന്നുൾക്കൊണ്ടുവായിച്ചുപോൽ. ൧൮

ആത്മഗീതി.

(പുനക്കൊന്നൂർ, ജീ. പി. പിള്ള.)

(1) ദേവീ! ഞാൻ വരുന്നില്ല. അനശ്വരമായ ആനന്ദ പ്രവാഹത്തിൽ ആറാട്ടുവാൻ ഭവതി എന്നെ ക്ഷണിക്കുന്നു. ഭാവനാതീതമായ ഏതോ മധുരിമയിലേക്കു ഭവതി എന്നെ സ്വാഗതം ചെയ്യുന്നു. പക്ഷെ, ഭവതിയുടെ ആനന്ദവും, മധുരവും കേവലം അൎത്ഥമില്ലാത്ത വാക്കുകൾ. ആകയാൽ ഞാൻ വരുന്നില്ല.

(2) കൊണ്ടൽപ്പൊളി കണ്ടിട്ടില്ലാത്ത ശുഭ്രാംബരവും വിവിധവൎണ്ണസങ്കലിതങ്ങളായ വിശുദ്ധ പട്ടാംശുകങ്ങൾ ചൂടി വിജയനൃത്തംചെയ്യുന്ന സന്ധ്യാവേളകളും, നിത്യപൂൎണ്ണനായ നിൎമ്മല ചന്ദ്രനിൽനിന്നും നിറഞ്ഞു തുളുമ്പുന്ന നറുനിലാവും ഭവതിയുടെ ദിവാരാത്രങ്ങളെ അന്ധകാരരഹിതങ്ങളാക്കുന്നുണ്ടെന്നു ഞാൻ അറിയുന്നു. ഞാൻ ഒരു മിന്നാമിനുങ്ങുമാത്രം. അന്ധകാരമില്ലാത്ത ഭവതിയുടെ ലോകത്തു് ഞാൻ എന്റെ ശോഭയെ എങ്ങനെ പ്രകടിപ്പിക്കും? ആകയാൽ ഞാൻ വരുന്നില്ല.

(3) ഗംഗാംബു തലോടിയ കുളിരിളംതെന്നലും, മധുരിമ തിരളുന്ന മാകന്ദഫലങ്ങളും, അമൃതധാര പൊഴിയുന്ന അമലസംഗീതവും, നറുമണം വീശുന്ന നന്മലർവാടിയും, തരളകാന്തി ചൊരിയുന്ന തണ്ടാർപൊയ്കയും ഭവതിയുടെ ആനന്ദവിഭവങ്ങളിൽ ചിലതുമാത്രം. പക്ഷെ, അവയുടെ നിത്യപ്രസന്നതയോടു നേരിടാൻ എന്റെ പരുപരുത്ത പഞ്ചേന്ദ്രിയങ്ങൾ പൎയ്യാപ്തങ്ങളല്ല.

(4) അശ്രുധാരയില്ലാത്ത ആനന്ദം, മണമില്ലാത്ത മനോഹരപുഷ്പംപോലെ പരിത്യാജ്യം. എനിക്കതു വേണ്ടയേ വേണ്ട. എനിക്കെന്റെ പടക്കുടാരം മാത്രം പോരും. ഞാൻ ഉശിർപ്പോടെ പോരാടും. പോരു ശമിക്കുമ്പോൾ ഞാൻ തെല്ലൊന്നു വിശ്രമിക്കും. ആ വിശ്രമം എന്നെ ആനന്ദത്തിന്റെ അത്യുൽകൃഷ്ടപരിധിയിൽ എത്തിക്കും. വീണ്ടും പോരിന്റെ ഘോരാരവം എന്റെ കൎണ്ണപുടങ്ങളെ ഭേദിക്കുമ്പോൾ ഞാൻ വാളുമേന്തി പടനടുവിൽ പാഞ്ഞെത്തും.

(5) അന്തിവിണ്ണിന്റെ അമലപ്രഭ അതിന്റെ സൌഭാഗ്യത്തോടുകൂടി അരുംകൂരിരുട്ടിൽ അമർന്നടിയുമ്പോൾ, ഞാൻ അന്ധ്യത്തിലാണ്ടു തപ്പിത്തുടങ്ങും. അവലംബത്തിലുള്ള അതിവിശ്വാസത്തോടുകൂടി അഞ്ഞൂത്തുഴഞ്ഞു്, ആ നെടുങ്കടൽ താണ്ടി ഞാൻ ഉഷസ്സിന്റെ ഉണ്മയിലെത്തിച്ചേരും. അവിടെ—ആ മട്ടമലർവാടിയിൽ—മന്ദവാതം ഏററും, മധുരസംഗീതം കേട്ടും മനംമയങ്ങി ഞാൻ മന്ദമന്ദം ഉലാത്തിക്കൊണ്ടിരിക്കും. പ്രഭാതകന്യകയെ താരുണ്യലക്ഷ്മി തലോടിത്തുടങ്ങുമ്പോൾ, പുൽകൊടിത്തുമ്പിൽ പററിയിരിക്കുന്ന പവിഴത്തുള്ളി പാരിന്റെ പാഴ്വയററിലേക്കു പാഞ്ഞുതുടങ്ങുമ്പോൾ, ഞാൻ എന്റെ യാത്രാവശേഷത്തെ തുടരും. കൊടുംതീയിൽ എരിപൊരിക്കൊള്ളുന്ന മദ്ധ്യാഹ്നമണൽക്കാട്ടിലൂടെ, കരിഞ്ഞുമങ്ങിയ മുഖത്തോടും, പൊരിഞ്ഞുപൊള്ളിയ പാദങ്ങളോടും, ഉണങ്ങി വരണ്ട കണ്ഠത്തോടും ദീർഘയാത്രചെയ്തു് വീണ്ടും ഞാൻ അന്തിപ്രഭയുടെ അഭിരാമപ്രവാഹത്തെ അഭിമുഖീകരിക്കും. അവിടെ ആനന്ദത്തിന്റെ അത്യന്തശുദ്ധങ്ങളായ അമൃതകണികകൾ ആസ്വദിച്ചു ഞാൻ അമരത്വം പ്രാപിക്കും.

(6) ഞാൻ ദുർഭരമായ ചുമടുകൾ വഹിക്കുമ്പോൾ ഭവതിയെ ഓക്കുന്നു. പക്ഷെ, ചുമടിറക്കി ശീതളവായു തട്ടി വിയർപ്പടങ്ങുമ്പോൾ ഞാൻ ഭവതിയെ മറക്കുന്നു. കൊണ്ടൽക്കോളും, കൊടുങ്കാററും എന്നെ ഭവതിയുടെ സമീപത്തേക്കു നയിക്കുമ്പോൾ, മിന്നൽപിണർ എന്നെ പുറകോട്ടു് പിടിച്ചുതള്ളുന്നു. അന്ധകാരം അതിന്റെ ഭയങ്കരതയോടുകൂടി എന്നെ തുറിച്ചുനോക്കുമ്പോൾ, വെളിച്ചം അതിന്റെ വെണ്മയോടുകൂടി എന്നെ കടാക്ഷിക്കുന്നു.

(7) വിലാപത്തിൽ സംഗീതം; രോദനത്തിൽ മന്ദഹാസം; മരുഭൂമിയിൽ മലർവാടി. ഞാൻ പാടും, മന്ദഹസിക്കും, വിഹരിക്കും. എനിക്കതുമാത്രം മതി. നിറുത്താത്ത സംഗീതവും, ഒടുങ്ങാത്ത മന്ദഹാസവും, അതിത്തിയില്ലാത്ത മലർവാടിയും എനിക്കു വേണ്ടതേ വേണ്ടു! ഭവതിയുടെ ഭാവനാലോകത്തേക്കു ഞാൻ വരുന്നേയില്ല!!

'നാടു കടത്തി.'

(തേറമ്പിൽ, ശങ്കുണ്ണിമേനോൻ.)

(ഗാഥ.)

ഏറെക്കളിക്കുകിലെപ്പോഴും നന്നല്ല-
ഏറിയാലൊക്കെയും ചീത്തതന്നെ
എങ്ങനെയായാലും സ്ത്രീകളബലക-
ളെന്നതിനെന്താനും മാററമുണ്ടാം?
എന്തിന്നലസതേ! മാമകചിത്തംനിൻ-
ചെന്തളിർമേനിയെപ്പൂജചെയ്തു
താവകപുഞ്ചിരിക്കൊഞ്ചലും, മന്ദാക്ഷ-
ഭാവഹാവങ്ങളും മററുമെല്ലാം
ആദ്യത്തിലാനന്ദമേകീടുമെന്നാലു-
മാദ്യന്തംഭവ്യമല്ലതൊരാൾക്കും.
നിൻമുഖസൌന്ദര്യമാസ്വാദിച്ചാസ്വാദി-
ച്ചെന്മനസ്പന്ദനം മന്ദമായി.
താവകനിശ്ശബ്ദഗാനലഹരിയിൽ
മാമകമാനസം ലീനമായി.
എന്നെൻസിരകളിൽ ചോരയൊഴുക്കിന്നും
മന്ദതയെന്നാത്തു സംഭവിച്ചു.
ആലസ്യദേവി! നിൻലാളനയേററെൻറ
ലോലഹൃദന്തം മയങ്ങിപ്പോയി.
സുപ്തിയെക്കൈവിട്ടുണർന്നുഞാൻ, നിന്നുടെ
വാസ്തവമെല്ലാം മനസ്സിലാക്കി
ഇത്തരംചെയ്യൊരുകുററത്തിനിന്നുമെൻ
ചിത്തസാമ്രാജ്യത്തിൽനിന്നുനിന്നെ
നാടുകടത്തിഞാ. നിന്നിമേലീവിധം
കാട്ടുകൾകാട്ടേണ്ട തെല്ലുപോലും.
ഉത്സാഹമാകുമദ്ദേവിയെപ്പൂജിപ്പാ-
നിസ്സാധുസന്നദ്ധനായ്കഴിഞ്ഞു
ഭാവൽക്കകാരുണ്യം സർവ്വദാ മാമക-
ഭാവിയെഭാസുരമാക്കിടട്ടെ!!

ക്യാപ്ററൻെറ പ്രണയം.

(ടീ. വി. അരയൻ, അഴീക്കൾ,)

അത്‌ലാന്തിക മഹാസമുദ്രത്തിൽകൂടി പ്രയാണംചെയ്ത ഹിമാനിയിൽ തട്ടി അപകടമണഞ്ഞ ജഗൽപ്രസിദ്ധമായ കപ്പലിനെക്കുറിച്ചു—ടൈട്ടാണിക്കിനെക്കുറിച്ച് അധികംപേരും കേട്ടിരിക്കുമല്ലോ. ആ അപകടസ്ഥാനത്തുകൂടി ഇതാ "അർമ്മഡ" എന്നൊരു പെരുംകപ്പലും കടന്നുവരുന്നു. സമുദ്രസഞ്ചാരത്തിൽ അതിനിപുണന്മാരായ ധീരകേസരികൾ പോലും ഇവിടെ എത്തുമ്പോൾ പൂർവ്വകഥാവൃത്തമോർമ്മിച്ച് സംഭ്രമാധീരരാകാറുണ്ട്. ഈ അർമ്മഡയാകട്ടെ ലോകത്തിലുള്ള ഒന്നാംതരം കപ്പലുകളിൽ ഒന്നാം കിടയായി നിന്നു വേണ്ടുവോളം ജനസമ്മതി നേടിവരികയാണ്. ലിവർപൂളിൽനിന്നും ന്യൂയാർക്കിലേക്കുള്ള കപ്പൽസർവ്വീസിൽ അർമ്മഡയാണ് അഗ്രിമസ്ഥാനമെടുത്തിരിക്കുന്നത്. പ്രഭുക്കന്മാരും ഉയൎന്ന ഉദ്യോഗസ്ഥന്മാരും കഴിയുന്നിടത്തോളം ഈ കപ്പലിലെ സഞ്ചരിക്കാറുള്ളൂ. പ്രകൃതിസുന്ദരമായ ഒരു സ്ഥലത്തുനിന്നും സിദ്ധിക്കാവുന്ന സർവ്വസുഖസൌകൎയ്യങ്ങളും ഇതിനകത്തു ക്രമപ്പെടുത്തിവച്ചിട്ടുണ്ട്. തന്നിമിത്തം സഞ്ചാരികളായ പല മാന്യന്മാരുടെയും നിസ്സീമമായ സംതൃപ്തിക്കു കപ്പലിലെ "ലാഗ്"ബുക്കുതന്നെ സാക്ഷ്യംവഹിച്ചുവരികയാണ്. ഇതിലെ ഉദ്യോഗപ്രമാണി—കപ്പിത്താൻ—മിസ്റ്റർ ഹെർബർട്ടാണ്. യാത്രക്കാരെല്ലാം ഇദ്ദേഹത്തെ ക്യാപ്ററൻ എന്നത്രെ വിളിക്കാറുള്ളത്. ഒരു അധിരാജൻെറ അധികാരപദവി മുഴുവൻ ഇദ്ദേഹത്തിൽ കളിയാടുന്നതായി കാണാം. സകല യാത്രക്കാരുടെയും മുൻപിൽ ഇദ്ദേഹം ഒരു ഔദാൎയ്യ വാരാന്നിധിയായിട്ടാണ് പ്രത്യക്ഷപ്പെടാറുള്ളത്. സുമുഖനായ ഈ യുവസിംഹത്തിൻെറ കായകാന്തിപോലെ തന്നെ ആന്തരികസൗന്ദൎയ്യവും പ്രശസ്തമായിരുന്നു. സഞ്ചാരികളെ യഥായോഗ്യം സൽക്കരിക്കുന്നതിൽ മി: ഹെർബർട്ടു കാണിക്കുന്ന ശീലമാധുൎയ്യം അതിവിശിഷ്ടമെന്നേ പറയേണ്ടതുള്ളൂ. ഇദ്ദേഹത്തിൻെറ സ്നേഹലാഭത്തെക്കരുതി പല യാത്രക്കാരും ബഹുമാനപൂർവ്വം പെരുമാറിവന്നു. ചുരുക്കത്തിൽ ഈ കപ്പിത്താൻ ഏവരുടെയും കണ്ണിലുണ്ണിയായി കഴിഞ്ഞുവരികയാണ്. ഇദ്ദേഹം ഇപ്പോൾ ഒന്നാംക്ലാസ്സ് യാത്രക്കാരുടെ കുശലാന്വേഷകൻ എന്ന മട്ടിൽ ഒരു രമ്യമായ മുറിക്കുള്ളിൽ കടന്നുകൂടിയിരിക്കുന്നു. ഈ മുറിയിലാണു സർ, ജാൺഷോറും അദ്ദേഹത്തിൻെറ പ്രി

യപത്നി ലേഡിപ്രാസ്കോവിയായും നിവസിക്കുന്നതു്. കപ്പിത്താന്റെ ഈ തിരയ്ക്കുനോട്ടത്തിൽ സർ, ജാൺഷോർ അവിടെ ഇല്ലായിരുന്നു. പതിവുപോലെ കൂടാറുള്ള ഒരു വിനോദരംഗത്തു അദ്ദേഹം പോയിരിക്കുകയാണു്. രാത്രി ഏഴുമണിമുതൽ ഒൻപതുമണിവരെ ആ വിനോദരംഗത്തുള്ള പ്രദർശനങ്ങൾ നീണ്ടുനില്ക്കും. എന്നാൽ സുന്ദരീരത്നമായ പ്രാസ്കോവിയായാകട്ടെ കടൽച്ചൊരുക്കുനിമിത്തം തലയ്ക്കുനല്ല വെളിവില്ലായ്കയാൽ വിനോദരംഗത്തു പോകാതെ കഴിഞ്ഞുകൂട്ടുകയാണു്. ആ ലാവണ്യദേവത ഷേക്സ്പീയരുടെ ഒഥെല്ലോ എന്ന വിശിഷ്ടകൃതി വായിച്ചു് ആനന്ദക്കോൾമയിർ അണിഞ്ഞു് അകമഴിഞ്ഞാറാടിക്കിടക്കുന്ന സമയത്താണു് മി. ഹെർബർട്ടിന്റെ സ്വാഗതോക്തി ആ കമനീയമായ മുറിക്കുള്ളിൽ മാറ്റൊലിക്കൊണ്ടതു്." പ്രിയേ! ഭവതിക്കു സുഖംതന്നെയോ? എന്നെ എന്തിനാണീവിധം ദുഃഖാന്ധകാരത്തിൽ ആഴ്ത്തിവിടുന്നതു്. നാശോന്മുഖമായിത്തീരാൻ ഇടയുള്ള ആ കുമാർഗ്ഗത്തിൽ ചെന്നെത്തെണമെന്നാണോ ഭവതിയുടെ അഭിലാഷം. നമ്മുടെ പ്രേമപ്പുഴ പൂർവ്വാധികം അനർഗ്ഗളമായി പ്രവഹിക്കുമ്പോൾ ആ ജാൺഷോർ നിശ്ചയമായും ഒരു തടസ്സമായി ഇരുന്നുകൂടാ. എന്റെ ചിരകാലത്തെ പ്രാർത്ഥനകളുടെ ഫലമായി ഈ യാത്ര ഇപ്പോഴെങ്കിലും മംഗളകരമായി കണ്ടതിൽ എനിക്കുള്ള കൃതജ്ഞത നിസ്സീമമാണു്. അന്നാവിധമൊക്കെ സംഭവിച്ചതു കേവലമൊരു ഭാഗ്യദോഷമെന്നെ പറയേണ്ടതുള്ളു. അന്നത്തെ വിവാഹരംഗം ഭവതിയുടെമാതാപിതാക്കന്മാരുടെ അടിയുറയ്ക്കാത്ത മനഃസ്ഥിതിയുടെ ഒരു ചെറുതാണ്ഡവം മാത്രമാണു്. അവർ ജാൺഷോറിന്റെ അധികാരപദവികണ്ടു അന്നു് അമ്പരന്നുപോയി. കൂടുതൽ മാസപ്പടിവാങ്ങുന്ന ഒരു അധികാരിയുടെ ഭാര്യാപദത്തിൽ മകളെ മയക്കുവിദ്യകൊണ്ടു—പ്രലോഭപ്രദർശനങ്ങൾകൊണ്ടു്—അപ്രകാരം സംഘടിപ്പിച്ചുവെന്നെയുള്ളു. ഭാഗ്യവിപര്യയം നിമിത്തം ചില കാലങ്ങളിൽ സ്വന്തം ആശയം ചിതറിപ്പോയെന്നും വരാം. ആ വിധം വഴിതെറ്റിക്കുന്ന ദുർവിധിയെ പഴിച്ചിട്ടും പ്രയോജനമില്ല. നാം ഇപ്പോൾ അക്കാറുനിറഞ്ഞ സർഗ്ഗത്തിൽ പൂർണ്ണവിരാമമിടുകയാണുചിതം. എന്നോളം ശമ്പളവും മററധികാരപദവികളും ആ ജാൺഷോറിനില്ലെന്നുള്ളതു ഭവതി ഇപ്പോഴെങ്കിലും ബോധിച്ചിരിക്കുമല്ലോ. കൂടാതെ ദേശാന്തരങ്ങളിലുള്ള പ്രകൃതിവിലാസങ്ങളെ അനുദിനം കണ്ടറിഞ്ഞാനന്ദിക്കുന്നതിനുള്ള സൗഭാഗ്യം എന്നോളം ആ മിസ്റ്ററിനുണ്ടോ? എന്റെ ആദരണീയമായ അദ്ധ്യാസനത്തെ അലങ്കരിക്കുന്ന ഒരു മാന്യമഹിളാമണിക്കു മാത്രമേ ആ മംഗളപദവി

അനുഭവിക്കാനും എന്നോടൊപ്പം സഞ്ചാരസൗകൎയ്യങ്ങളിൽ ഏൎപ്പെടാനും സാധിക്കയുള്ളു. ഭവതി എന്തിനുവൃഥാ ക്ലേശിക്കുന്നു! ആ പിണ്ഡാകാരത്തോടു— അതേ ആ ശരീരത്തോടുള്ള— ബന്ധം ഈ നിമിഷംതന്നെ വിട്ടുകളയണം. നാം ഓക്സ്ഫോർഡു വിദ്യാലയത്തിൽവച്ച് ഹൃദയത്തോടുഹൃദയം ഉരുമ്മികൊണ്ടു നിൎമ്മലമായിചെയ്ത വാഗ്ദാനം—സത്യം-ഭവതി പാടെ വിസ്മരിച്ചതിൽ ഞാൻ വളരെ അത്ഭുതപ്പെട്ടു. സ്വന്തം മഹിമാതിരേകത്തെ കേവലം ഒരനഭിജ്ഞയെപ്പോലെ തൃണവൽഗണിച്ചതു് ആത്മഹത്യയ്ക്കു തുല്യമല്ലേ. എന്നേക്കാൾ പ്രായംകൂടിയ ഒരു പുരുഷന്റെ വാമഭാഗത്തു ചേൎന്നുനിന്നു നൎത്തമാടുവാൻ ഭവതിക്കു അശേഷം ലജ്ജയില്ലയോ. തന്റെ നിസ്തുല്യമായ അഭിമാനദീപത്തെ എന്തിനു മറച്ചുകളയുന്നു. പൂൎവ്വകഥയോൎത്തു ഞാൻ ഇതുവരെ അക്കം വിവാഹത്തിനു വാക്കുകൊടുത്തിട്ടില്ല. ഉന്നതകുലജാതകളായ നിരവധി നാരീമണികളുടെ—പ്രഭുകുമാരികളുടെ—ആരാധനീയമായ ശ്രദ്ധയ്ക്കു ഞാൻ പലകുറി പാത്രീഭവിച്ചിട്ടുണ്ടു്. എന്നാൽ എന്റെ ഹൃദയാന്തരീക്ഷത്തിൽ തെളിഞ്ഞുല്ലസിച്ചുകൊണ്ടിരിക്കുന്ന ഈ മനോഹരരൂപത്തെ ഞാൻ എങ്ങനെയാണു് വിസ്മരിക്കുക. ഇക്കഥകളെല്ലാംകൂടിയും നേരിട്ടു കണ്ടുപറയുവാൻ കിട്ടിയ ഈ സുവൎണ്ണാവസരത്തെ ഞാൻ അഭിനന്ദിക്കുന്നു. എന്റെ അകൈതവമായ പ്രാൎത്ഥന ഫലിച്ചു. അന്തഃകരണസമ്മതമല്ലാത്ത ഒരു വിവാഹം ഉടനേതന്നേ പരിത്യജിക്കുകയാണു ഉത്തമം. അല്ലെങ്കിൽ എന്റെ ഈ ഉയൎന്നപദവി ഈ മഹാസമുദ്രത്തിന്റെ അന്തൎഭാഗത്തുള്ള മത്സ്യസഞ്ചയങ്ങൾ ഊണാക്കി സംതൃപ്തിനേടികൊള്ളട്ടെ. നിരാശോന്മുഖമായി ജീവിച്ചിരുന്നിട്ടു ഞാനൊരു പ്രയോജനവും കാണുന്നില്ല.

പ്രാഗ്സ്കോവിയാ:—മാന്യമിത്രമായ മി: ഹെർബർട്ടു! താങ്കൾ എന്താണു് കേവലം നിസ്സാരന്മാരെപ്പോലെ സംസാരക്കുന്നതു്. ഓരോകാലത്തു ഓരോന്നു സംഭവിക്കയും അതുകൾക്കുതന്നെ അനന്തരകാലത്തു ചില മാററങ്ങൾ വരികയും ചെയ്യുന്നതു് സൎവ്വത്ര കണ്ടുവരുന്നതല്ലേ. ആ വിധത്തിൽ ആണു് പ്രകൃതിനിയമങ്ങൾ എന്നുകൂടി ധരിക്കാത്തവർ ഈ ലോകത്തിൽ ഉണ്ടോ? തങ്ങളെ സംബന്ധിച്ച സംഗതികളെല്ലാം ഇഷ്ടാനുസരണം തീരുന്നില്ലല്ലോ എന്നുവിചാരിച്ചു വിഷമിച്ചിട്ടു യാതൊരു പ്രയോജനവും ഇല്ല. ആ വിധമുള്ള ധാരണകളെല്ലാം ശുദ്ധമൂഢന്മാൎക്കുള്ളതാണു്. അന്നത്തെ നമ്മുടെ നിശ്ചയങ്ങൾ ഇപ്പോൾ പുതുക്കേണ്ട ആവശ്യമേ ഇല്ല. ആ പ്ര

ണ്യചാപലങ്ങളെല്ലാം ഉത്ഭവസ്ഥാനത്തു ചെന്നു സംഹരിക്കയാണു ഉത്തമം. ഇനി അവരവരുടെ വിധിക്കു കീഴടങ്ങുകയേ നിവൃത്തിയുള്ളു. വിവാഹദിനം മുതൽ ഞാനെന്റെ ഭർത്താവിനെ അകമഴിഞ്ഞു ആരാധിച്ചുവരികയാണ്. എന്റെ ആരാധനാമൂർത്തിയെ—ഭർത്തൃപാദങ്ങളെ പഴയ—ചില പ്രലോഭനങ്ങൾനിമിത്തം ഇനി കൈവെടികയെന്നോ? അങ്ങനെ സംഭവിക്കാവുന്ന ആ പ്രവർത്തനം ഏതൊരു ധർമ്മകോടിയിൽ ചേർന്നതായിരിക്കും. അല്ലെങ്കിൽ ഭർത്താവു ജീവിച്ചിരിക്കുമ്പോൾ രണ്ടാംസ്വയംവരം ഒരു കുലീനയായ യുവതിക്കു പററിയതാണോ? നാശഗർത്തത്തിൽ പതിക്കാൻ ഇടയുള്ള ആ വഴിക്കു് എന്നെ എന്തിനു പ്രേരിപ്പിക്കുന്നു. വിവാഹം ദൈവഹിതമനുസരിച്ചു നടക്കുന്നു. അതു സാധിച്ചതിനുശേഷം വീണ്ടും ഇന്ദ്രിയസുഖപ്രാപ്തിക്കുവേണ്ടി പുതിയ ഒരു രംഗത്തു് ഇറങ്ങുന്നതു് ഈശ്വരദ്രോഹം കൂടിയാണ്. ഒരു ആദർശപുരുഷനായ അങ്ങയിൽനിന്നും ഇപ്രകാരമുള്ള ഉപദേശങ്ങൾ ഉണ്ടാകാവുന്നതാണോ? ഭവാൻ ഉചിതജ്ഞയായ ഒരു പ്രഭുകുമാരിയെ സ്വച്ഛാനുസരണം വരിച്ചു ഭാവിജീവിതത്തെ പവിത്രീകരിക്കുകയാണു് ഭംഗി.

ക്യാപ്റ്റൻ:—ഹാ! ഹാ! പഴയ അനുകൂലപ്രഭയെല്ലാം അസ്തമിച്ചു കഴിഞ്ഞുവോ? പുതിയ പുതിയ വേദാന്തത്തുള്ളുകൾ— അല്ലാ ലോപ്പായിൻറുകൾ—വെളിയിലേക്കു ചാടുന്നുവല്ലോ. ഇവ അശേഷം ഭംഗിയല്ല. അന്ധവിശ്വാസങ്ങൾകൊണ്ടു അന്തഃപ്രദേശം നിറച്ചുകഴിഞ്ഞു. ഇനി ആ പഴയനിലയിൽ കൊണ്ടുവരാനും വളരെ പണിപ്പെടേണ്ടിയിരിക്കുന്നു. ഗുണദോഷങ്ങൾ അറിഞ്ഞു അനുവർത്തിക്കാനാണ് മനുഷ്യനുമാത്രം വിശേഷജ്ഞാനം ദൈവം ദാനംചെയ്തിരിക്കുന്നതു്. ആ വിജ്ഞാനശക്തിയെ യഥാസ്ഥാനങ്ങളിൽ സംഘടിപ്പിച്ചു ജീവിതസൗഭാഗ്യം നേടണം. അല്ലാതെ അജ്ഞാനത്തെ ഇറുക്കിപ്പിടിച്ചുകൊണ്ടു വിജ്ഞാനത്തെ പ്രസംഗിക്കുന്നതാണ് ഈശ്വരദ്രോഹം. ഈവിധമൊരു കൊള്ളരുതായ്മ തത്വശാസ്ത്രവിദഗ്ദ്ധയായ ഭവതിയിൽ സ്ഥലംപിടിച്ചതിലാണ് എനിക്കുള്ള അത്ഭുതം മുഴുവനും. വീടാകുന്നകൂട്ടിൽ കുടുങ്ങി മൂകസമം ജീവിതം കഴിച്ചുകൂട്ടുന്നവരായി അറിയപ്പെടുന്ന ഇൻഡ്യൻ സ്ത്രീകളുടെ ഒരു നേരിയചരായ ഭവതിയിൽ സ്വച്ഛന്ദം കളിയാടുന്നതു തീരെ സാഹസമെന്നേ പറയേണ്ടതുള്ളു. അതൊരു വലിയ ആക്ഷേപം കൂടിയാണ്. വിശേഷിച്ചു ഒരു അം

ശ്ശേയ മാറിലാമണിക്ക് ഇങ്ങനെയുള്ള അന്തർഗതങ്ങൾ ഉണ്ടാവാൻതന്നെ പാടില്ല. പക്ഷെ സ്ത്രീജനങ്ങളുടെ സ്നേഹം ജലരേഖപോലെയാണെന്നു പറയുന്നതിൽ ഭവതിയൊരു വിശിഷ്ടോദാഹരണമായിട്ടു കൂടിയാണു തീൎന്നിരിക്കുന്നത്. സ്ഥാനമാനങ്ങൾക്കൊ സമ്പൽസമൃദ്ധിക്കൊ യൌവനപ്രഭയ്ക്കൊ എന്തൊരു കുറവാണു് ഭവതി എന്നിൽ കാണുന്നത്. എന്റെ ചിരകാലത്തെ അന്തൎദ്ദാഹത്തെ ശമിപ്പിക്കാത്ത പക്ഷം—"

പ്രസ്കോവിയാ:—നില്ക്കണം. കടന്നുപറയരുത്. ഞാൻ അങ്ങയിൽ യാതൊരു കുറവും കാണുന്നില്ല. വിഷമസംഗതിയിൽ മനസ്സിനെ ഇറക്കി പുണ്ണാക്കിയിട്ടു യാതൊരു വിശേഷവും ഇല്ല. എന്നെ നിഷ്കളങ്കം അകമഴിഞ്ഞു സ്നേഹിക്കുന്ന ഭൎത്താവിനെ കൈവിട്ടു മറ്റൊരാളെ സ്നേഹിക്കുന്നതു് അധൎമ്മമാണു്. അല്ലെങ്കിൽ എന്റെ പ്രാണനാഥൻ ജീവിച്ചിരിക്കുമ്പോൾ ഇങ്ങനെയുള്ള സംഭാഷണങ്ങൾ തന്നെ ശരിയാണോ? ഇതൊന്നൊഴിഞ്ഞു മറ്റെന്തു പറഞ്ഞാലും എനിക്കതിൽ അപ്രിയമില്ല.

ക്യാപ്റ്റൻ:—ശരി! ഭവതിക്കു നമസ്കാരം. എന്നാൽ അടുത്ത അവസരത്തിൽ തന്നെ നമുക്കു കണ്ടുകൊള്ളാം. ഇപ്പോൾ ഞാൻ പോകട്ടെ.

മി. ഹെർബർട്ടു നേരെ വിനോദരംഗത്തു ചെന്നുചേൎന്നു. ആ സമയം അവിടെ മംഗളംപാടി കഴിഞ്ഞു. ഓരോരുത്തർ തങ്ങളുടെ മുറികളിലേക്കു യാത്രതുടങ്ങി. എന്നാൽ സർ, ജാൺഷോറും ക്യാപ്റ്റനും തമ്മിൽ കണ്ടുമുട്ടി പല വിനോദങ്ങളും പറഞ്ഞു കപ്പലിലെ ഒരു വിജനഭാഗത്തേക്കു തിരച്ചു. ഇവർ സ്വദേശികളും ഏതാണ്ടു സമവയസ്കന്മാരുമാണു്. ആ വിഷയത്തിലും ഇവൎക്കു ഹൃദയപ്രകടനം പലതും ചെയ്വാനുണ്ടായിരുന്നു. ഏതാനും നിമിഷത്തിനുള്ളിൽ ക്യാപ്റ്റൻ തന്റെ ഇംഗിതസ്ഥാനത്തു് എത്തി.

ക്യാപ്റ്റൻ:—നമുക്കൊരുമിച്ചു യാത്ര ചെയ്വാൻ ഇടയായതിൽ എനിക്കു അളവററ സന്തോഷമുണ്ടു്. അങ്ങെയ്ക്കു ആവശ്യമുള്ള സഹായങ്ങൾ യഥാമതി ചെയ്തുതരുവാൻ എനിക്കു അനുവാദം തരണം.

ജാൺഷോർ:—താങ്കളുടെ വിശ്രുതമായ ഔദാൎയ്യബുദ്ധിക്കു നമസ്കാരം. കടൽച്ചൊരുക്കുനിമിത്തം പ്രാസ്കോവിയായ്ക്കു തീരെ സുഖമില്ലാതെ കിടക്കുകയാണു്. ഉടൻ അങ്ങോട്ടു ചെല്ലേണ്ടതായിട്ടിരിക്കുന്നു. അല്ലാ കഴിഞ്ഞദിവസങ്ങളെ അപേ

ക്ഷിച്ചു ഇവിടെ കടൽക്കോളു ഒന്നു കൂടിയിരിക്കുന്നതുപോലെ തോന്നുന്നു. ഭയങ്കരമായി കാണുന്ന ഈ സ്ഥാനം ഏതാണു്.

ക്യാപ്റ്ററൻ:—കുപ്രസിദ്ധമായ ഒരു സ്ഥലമാണു് ഇതു്. ഇതിലേ കൂടി കടന്നുപോകുന്നവൎക്കെല്ലാം ഒരു ഭീതിയുണ്ടാകാറുണ്ടു്. ടൈട്ടാണിക്കിനെ ഗ്രസിച്ച ഘോരരാക്ഷസിയുടെ പുറത്താണു് നാം എത്തിയിരിക്കുന്നതു്. "ഹാ! ദൈവമേ! എന്തെന്തു ആൎത്തനാദം ഇവിടെ മുഴങ്ങിക്കൊണ്ടിരുന്നിരിക്കണം!" എന്നു ജാൺഷോർ ഹൃദയവേദനയോടുകൂടി പറഞ്ഞവസാനിക്കുന്നതിനു മുൻപു് ബലിഷ്ഠനായ ക്യാപ്റ്ററൻ അദ്ദേഹത്തെ സമുദ്രത്തിലേയ്ക്കു തള്ളിയിട്ടുകളഞ്ഞു. "അയ്യോ! ജഗദീശാ! പ്രാണപ്രിയേ! ഹാ! എന്നൊരു മരണവിളിമാത്രം ആ ഗംഭീരമായ തിരമാലകളോടു സമ്മേളിച്ചു വിലയംപ്രാപിച്ചു."—

......"ഹാ! ക്രൂരനായ ഹെർബർട്ടേ! നിങ്ങളുടെ ഹൃദയം ഇത്ര നീചമോ? മധുരമായി സംസാരിക്കയും ഭംഗിയായി ചിരിക്കുകയും ചെയ്യുന്നവല്ലോ. പാലുകൊടുക്കുന്നവനെത്തന്നെ പാഞ്ഞു കടിക്കുന്ന ക്രൂരസൎപ്പത്തെക്കാളും ഭയംകരനാണു നിങ്ങൾ. എന്റെ പ്രാണപ്രിയന്റെ മരണവൃത്താന്തം—അയ്യോ ദൈവമേ! ഭയങ്കരമായ തിരമാലകളിൽപെട്ടു ശ്വാസംമുട്ടുന്ന—ഹാ! എന്റെ തലകറങ്ങുന്നു—" പ്രസ്കോവിയാ നിലംപതിച്ചു.

ഇന്നാണു് ആ കേസ്സിന്റെ അവധി. മണൽത്തരിപോലെ കോടതിയുടെ ചുററും കൂട്ടംകൂടിയിട്ടുണ്ടു്. ബഹുമാന്യനായ മി: ഹെർബർട്ടാണു് കേസ്സിലെ ഒന്നാംപ്രതി. രണ്ടാംപ്രതി ലേഡിപ്രാസ്കോവിയായും ആകുന്നു. നാളതുവരെയും നടന്ന കേസ്സിന്റെ സ്വഭാവംകണ്ടിട്ടു ഹെർബർട്ടിനു് അനുകൂലമായ വിധിയുണ്ടാകുമെന്നത്രെ ഏറിയകൂറും ജനങ്ങളുടെ അഭിപ്രായം. സർ. ജാൺഷോറിന്റെ മരണം കഴിഞ്ഞിട്ടു മാസം നാലായതേയുള്ളു. ഇതിനിടയിൽ ഹെർബർട്ടും പ്രാസ്കോവിയായും ദാമ്പത്യരംഗത്തു പരസ്യമായി ഏൎപ്പെടാൻ തീൎച്ചപ്പെട്ടുകഴിഞ്ഞു. ആ മനോഹരകൎമ്മം നിറവേററുന്നതിനായി "വെസ്ററു മിനിസ്റ്റാർ" എന്ന വിശ്രുത ദേവാലയത്തിൽ സാഘോഷം എത്തി ചേൎന്നു. ആ മഹിതമംഗളവേളയിൽ പുരോഹിതൻ വിവാഹകൎമ്മത്തിന്റെ പ്രാരംഭനടവടികൾ തുടൎന്നുകൊണ്ടിരിക്കവേ രഹസ്യപ്പോലീസ്സു് ഇൻസ്പെക്ററർ മിസ്റ്റർ ഹഡ്സൺ ദേവാലയത്തിൽ കടന്നുകൂടി രാജകീയ അധികാരം കാണിച്ചു് ആ പുതുദമ്പതികളെ അറസ്ററുചെയ്തു. ഇവർ ഇരുപേരും കൂടിച്ചേൎന്നു സർ ജാൺഷോറെ അപകടപ്പെട്ടു

ത്തിയെന്നാണു കേസ്സ്. ഇക്കാരണത്താൽ കൃത്യദിവസം വിവാഹം നടത്താൻ സാധിച്ചില്ല. ജാൺഷോറും പ്രാസ്റ്റോവിയായും ന്യൂയോൎക്കിലേക്കു കയറിയ കപ്പലിൽതന്നെ രഹസ്യപ്പോലീസ്സ് ഇൻസ്പെക്ററരും ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിനു് മരണത്തെളിവു വേണ്ടവിധത്തിൽ സിദ്ധിച്ചില്ല. മരണദിവസം മുതൽ പ്രാസ്റ്റോവിയായും ക്രാപ്ററനും കൂടക്കൂടെ നടത്തിക്കൊണ്ടിരുന്ന സ്വൈരസഞ്ചാരങ്ങളിൽനിന്നാണു് ഇൻസ്പെക്ററക്കു സംശയം ഉണ്ടായതു്. ആളു ഉടൻതന്നെ തന്റെ മേലധികാരിയെ അറിയിച്ചും ഇരുന്നു. ഈ വിവാഹം പൂൎത്തിയായി നടക്കുമെന്നു കണ്ടപ്പോഴാണു് ഇൻസ്പെക്ററുടെ സംശയത്തിനു പ്രാബല്യം സിദ്ധിച്ചതു്. ഈ സംഗതികൾ വിശേഷാൽ വച്ചുകൊണ്ടു അനുവാദത്തോടുകൂടി അറസ്ററു ചെയ്തു. കേസ്സു തീരെ ദുർബ്ബലമെന്നു അധികാരികൾക്കു അപ്പോൾതന്നെ തോന്നുകയാൽ അവരെ അറസ്റ്റിൽനിന്നും അനന്തരം ഒഴിച്ചു എങ്കിലും കേസ്സു അവസാനിച്ചിട്ടേ വിവാഹം നടത്താവൂ എന്നു കോടതി ശാസിക്കയും ചെയ്തു. തുടൎന്നു നടന്നുകൊണ്ടിരുന്ന കേസ്സു വിസ്താരത്തിൽ സാക്ഷിത്തെളിവുകളെല്ലാം ഹെർബർട്ടിനു അനുകൂലമായിത്തന്നെ കണ്ടു. ഇതുകൊണ്ടായിരുന്നു കേസ്സു തീരെ ദുർബ്ബലമെന്നു ആദ്യമേതന്നെ അധികംപേൎക്കും തോന്നിയതു്. പ്രതികൾ കോടതിയിൽ ഹാജരായിക്കൊണ്ടിരുന്നതു പ്രഭുക്കൾക്കു ഉചിതമായ വസ്ത്രാഡംബരങ്ങളോടും അന്തസ്സോടുംകൂടിയായിരുന്നുവെന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണു്.

പുതിയ സെഷ്യൻജഡ്ജി ബെഞ്ചിൽ പ്രവേശിച്ചു. പ്രമോഷൻകിട്ടി കോടതിയിൽ ഹാജരാകുന്ന ഇദ്ദേഹമാകട്ടെ കേസ്സിനെ സംബന്ധിച്ചുള്ള യാതൊരു വാദപ്രതിവാദവും കോടതിമുഖേന കേട്ടിരുന്നില്ല. എങ്കിലും വിധിപറയേണ്ട ചുമതല തന്നിൽത്തന്നെ വിശേഷവിധിയായി സ്ഥിതിചെയ്തിരുന്നു. ഇത്തവണയും കേസ്സ് അവധിയിൽ പോകുമെന്നായിരുന്നു അധികംപേരും ധരിച്ചതു്. എന്നാൽ ന്യായാസനത്തിൽ പ്രവേശിച്ചതോടുകൂടി മി. ഹെർബർട്ടിന്റെ കേസ്സുതന്നെ ആദ്യം വിളിച്ചു. ഉടനെ ഹെർബർട്ടും പ്രാസ്റ്റോവിയായും കുററക്കാൎക്കുള്ള സ്ഥാനങ്ങളിൽ ബന്ധിതരായി. ഹാ! എന്തൊരു ദയനീയസംഭവം! ധൎമ്മധീരനായി ശോഭിക്കുന്ന ന്യായാധിപന്റെ മുഖകമലം കണ്ടപ്പോൾ ജാൺഷോറിന്റെ പ്രിയപത്നിയായിരുന്ന ലേഡി പ്രാസ്റ്റോവിയാ അതാ വിഷമൂർഛയേററതുപോലെ നിലം പതിച്ചു കഴിഞ്ഞു. കാർകൊണ്ടിരുണ്ട വിണ്ഡലംപോലെ ക്രാപ്ററന്റെ മുഖമണ്ഡലം കരുവാളിച്ചുപോയി. അദ്ദേഹം എഴിത്തുണിനെ അവലംബിച്ചു നക്ഷത്രമെ

ണ്ണിത്തുടങ്ങി. കോടതി ആകപ്പാടെ നിശ്ശബ്ദമായി. ജനങ്ങളും വക്കീൽസമരിയും മോഹാവേശത്തോടുകൂടി ജഡ്ജി അവർകളെത്തന്നെ ഉററു നോക്കിത്തുടങ്ങി."—ഈ കുഴക്കിനിടയിൽ വിധിയും പ്രസ്താവിച്ചു:—സർ, ജാൺഷോറെ നിർദ്ദയം മനഃപൂർവ്വമായി ദ്രോഹിച്ചു...ഹെർബർട്ടിനെ 'സെൻറുഹെലിനാ' ദ്വീപിലേക്കും അയാൾക്കു അനുകൂലിയായിരുന്ന... പ്രാസ്കോവിയായെ അൻഡമാൻദ്വീപിലേക്കും ജീവപര്യന്തം നാടുകടത്തിയിരിക്കുന്നുവെന്നുള്ളതായിരുന്നു വിധിച്ചുരുക്കം.

വിധിയുടെ സ്വഭാവം അറിയുന്നതിനു നേരത്തേതന്നെ കോടതിയിൽ ഹാജരായിരുന്ന ഒരു മഹാൻ എഴുന്നേററു ജഡ്ജി അവർകളെ അഭിനന്ദിച്ചുകൊണ്ടു ജനങ്ങളുടെ ഉൽക്കണ്ഠ ശമിക്കുമാറു ഇങ്ങനെ ഒരു പ്രസംഗംചെയ്തു:—"മാന്യരേ! ഈ കേസ്സിൻെറ പൂർണ്ണമായ ജഡ്ജിമെൻറു കാണുമ്പോൾ സത്യസ്ഥിതി നിങ്ങൾക്കുതന്നെ ഗ്രഹിക്കുവാൻകഴിയും. എങ്കിലും പൂർവ്വകഥ അല്പമൊന്നു ഞാൻതന്നെ വിശദീകരിക്കാം. അക്രോയർ എന്ന രാജകീയകപ്പലിലെ പ്രധാനക്യാപ്റ്റനാണുഞാൻ. അർമ്മഡ ന്യൂയാർക്കിലേക്കു തിരിച്ചതിൻെറ രണ്ടാംദിവസം അക്രോയലും അതേവഴിക്കുതന്നെ വിട്ടു. അതിൽ ബഹുമാനപ്പെട്ട വെയിൽസിലെ രാജകുമാരനും പരിവാരങ്ങളുമാണ് ഉണ്ടായിരുന്നതു്. ടൈട്ടാണിക്കു മുങ്ങിയ സ്ഥാനത്തോടടുത്തപ്പോൾ ഒരത്ഭുതദർശനം ഞങ്ങൾക്കുണ്ടായി. കപ്പൽച്ചാൽ കാണിക്കുന്നതിന് ഇരുമ്പുചങ്ങല ബന്ധിച്ചു ഓരോ വീപ്പകൾ അവിടവിടെ സ്ഥാപിച്ചിട്ടുണ്ട് ആ വീപ്പകൾ ജലത്തിനുമീതെ പൊങ്ങുതടിപോലെ ഉയർന്നുകിടക്കും. എത്രതന്നെ കോളിളക്കമുണ്ടായാലും സ്ഥാനഭ്രംശം ഉണ്ടാകാത്തവിധമാണു മണ്ണുമായി ബന്ധിച്ചിരിക്കുന്നതു്. ഒന്നുരണ്ടുപേർക്കു വലിയ വിഷമം കൂടാതെ അതിനുമീതെ ഇരിക്കാം. കടലിലേയ്ക്കു തള്ളപ്പെട്ട മി. ജാൺഷോർ ഒരു തികഞ്ഞ ഭാഗ്യവാനാണ്. അദ്ദേഹം പതിച്ചതിനടുത്തുതന്നെ ഒരു വീപ്പയുണ്ടായിരുന്നു. അതിൽകയറി അദ്ദേഹം രക്ഷപ്പെട്ടിരുന്നു. രണ്ടുദിവസം അതേപ്പടിപ്പിൽതന്നെ ഇരുന്നുപോയി. മൂന്നാംദിവസം ഞങ്ങൾ അവിടെ എത്തുകയും അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ചെയ്തു. പ്രാസ്കോവിയായെ വശപ്പെടുത്തുന്നതിനുവേണ്ടി ഈ ഹെർബെട്ടുചെയ്ത ഒരു കടുംകൈയായിരുന്നു അതു്. എന്നാൽ ഈ സംഗതികളെല്ലാം ഞങ്ങൾ വളരെഗോപ്യമായിത്തന്നെ വച്ചു. മി. ജാൺഷോർ ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടായിരുന്ന വിവരം എവർക്കും അറിയാമല്ലോ. ആ സ്ഥാനത്തുനിന്നും ഒരു ഗണ്യമായ കയററം കൊടുക്കണമെന്നുള്ള ബഹുമാനപ്പെട്ട രാജകുമാരൻെറ

ഇംഗിതമനുസരിച്ചു സർ ജാൺഷോറിനു ഒരുയൎന്നപദവിയും സിദ്ധിച്ചു. എന്റെ ഈ പ്രസ്താവനയിൽനിന്നും ആ ഉന്നതാസനത്തിൽ ശോഭിക്കുന്ന പുരുഷപുംഗവൻ—അതേ സെഷ്യൻജഡ്ജി സർ ജാൺഷോറാണെന്നുള്ള വസ്തുത ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിയിരിക്കുമല്ലോ.

---

* "ബാലകന്റെ അനുമാനം."

മഞ്ജരി.

(വി. എസ്. ബാലകൃഷ്ണനാചാരി.)

'സോദരരേ! നമ്മൾ വൃന്ദാവനം തന്നിൽ
മോദിച്ചുവാണോരിടയരുടെ,
ബാലകരായിരുന്നെങ്കിലെന്താനന്ദ
ജാലംനമുക്കേലുമായിരുന്നു?
കാനനത്തിൽപോയി കാലികളെമേയ്ക്കാ-
നേനംലഭിച്ചിടുമായിരുന്നു.
അപ്പാൽമനവങ്ങളാമപ്പങ്ങളിച്ഛപോ-
ലെപ്പോഴും ഭക്ഷിക്കാമായിരുന്നു.'
നൽക്കടമ്പേറിനിന്നക്കോമളമൃദു-
ത്തുക്കുഴൽവായിക്കാമായിരുന്നു.
കാളിന്ദീതീരത്തിലാളും മനോഹര-
മേളങ്ങളീക്ഷിക്കാമായിരുന്നു.
പാട്ടുപാടാമായിരുന്നുവല്ലോ പിന്നീ-
ടാട്ടവുമാടിടാമായിരുന്നു.
ഉല്ലാസമായ് നല്ലപോലെ രസങ്ങളെ
എല്ലാമനുഭവിക്കായിരുന്നു.
എന്നുമല്ലാബലവീരനോടൊന്നിച്ചി-
ട്ടെന്നാളും ക്രീഡിക്കാമായിരുന്നു.'

---

* ഹിന്ദി "തിസരി" പുസ്തകത്തിലെ "ബാലക് കി കല്പന" എന്ന പദ്യഭാഗത്തിന്റെ തർജ്ജമ.

കഥകളിപ്രസ്ഥാനം.

ഒരു പഠനം.

(വിദ്വാൻ, ശ്രീവരാഹം ഈ. വേലായുധൻപിള്ള.)

'രാവണവിജയം.'

ഇരവിവൎമ്മൻ തമ്പിയുടെ സമകാലികനും, ഗർഭശ്രീമാൻ സ്വാതിതിരുനാൾ തിരുമനസ്സിലെ സദസ്യനും, 'കരീന്ദ്രൻ' എന്ന് അപരനാമധേയത്താൽ ഭാഷാസാഹിത്യലോകത്തിൽ ചിരപ്രതിഷ്ഠിതനുമായ വിദ്വാൻ, കിളിമാനൂർ ചെറുണ്ണി കോയിത്തമ്പുരാൻ തിരുമനസ്സിലെ രാവണവിജയം ആണ് കഥകളികളിൽ പറയത്തക്ക മറ്റൊരു കൃതി. ഒരൊററ കഥകളിഗ്രന്ഥംകൊണ്ടുതന്നെ ഭാഷാസാഹിത്യസാമ്രാജ്യത്തിൽ പേരെടുക്കത്തക്കശക്തിയും, സാമൎത്ഥ്യവും ഈ കവിയ്ക്കുണ്ടായിരുന്നുവെന്നുള്ളതിന് രാവണവിജയം ഉപലക്ഷ്യമാകുന്നു. പ്രസ്തുത കൃതിയിലെ വന്ദനശ്ലോകത്തിൽനിന്നും ഈ രാജകവിയുടെ ഗുരു നാരായണൻ, എന്നു പേരുള്ള ഒരു ബ്രാഹ്മണനായിരുന്നുവെന്നു സ്പഷ്ടമാണ്. ഇരവിവൎമ്മൻതമ്പിയവൎകൾക്കും കൃതികൾക്കും ഭാഷാസാഹിത്യത്തിൽ എത്രമാത്രം സ്ഥാനമുണ്ടോ അത്രമാത്രം തന്നെ കോയിത്തമ്പുരാനും, അദ്ദേഹത്തിൻെറ കൃതിയായ രാവണവിജയത്തിനും ഉണ്ടെന്നുള്ളത് ആരും സമ്മതിക്കുന്നതാണ്.

രാവണവിജയത്തിലെ ആദ്യഭാഗം, ധനപതിയുടേയും പത്നിയുടേയും ശൃംഗാരലീലയാണ്. ഗതാനുഗതികത്വംകൊണ്ടു് കരീന്ദ്രനും സംഭോഗശൃംഗാരത്തെ ഒഴിച്ചുവിടുന്നതിനോ, കുറയ്ക്കുന്നതിനോ അല്പവും ഭാവിച്ചിട്ടില്ല.

"കോകിവിരഹേരണംപാരംബെതരാകാശനെക്കണ്ടുദാരം
കോകനദാഞ്ചിതാകാരം വരം കാണാഞ്ഞുഴന്നാകുന്നനേരം,
ശുകമൊഴിനിജവരനന്ന്യയാ,സുഖമിഹ നിവസതിധന്ന്യയാ,
അകമതിലിതിബഹുശങ്കയാല,യിതവമുലയിണകാണ്കെയാലേ
കൺമിഴിയതിവസൂയയും, അനുനയശോകാസമിതരമാക
ലയതിയാ" —എന്നും, "സുരഭിലമൃഗമദമോഹനാരിലകം വീരചയരമണസമുജ്ജ്വലദളികം" —എന്നും: സാഹിത്യരസത്തിനു തകുന്ന ചമൽക്കാരഭംഗിയോടും, രസഭാവനിരന്തരതയോടും വൎണ്ണി

ച്ചിരിക്കുന്നതിൽനിന്നുതന്നെ സ്പഷ്ടമാണു. പദത്തിന് യാതൊരു കുറവും കൂടാതെ ഭാഷയേയും സംസ്കൃതത്തേയും കൂട്ടിയിണക്കി ധാരാവാഹിയായ രീതിയിൽ കവിതയെഴുതാനുള്ള ശക്തിയും, നൈപുണ്യവും ഇദ്ദേഹത്തിനു നൈസൎഗ്ഗികമാണെന്നുള്ളതു് മേൽ ഉദ്ധരിച്ചതിൽനിന്നുതന്നെ തെളിയുന്നു. ധനപതിനികേതനത്തിലെത്തുന്ന ദൂതന്റെ പ്രവേശനമായിപ്പറയുന്ന—"ഉദ്യത് ചാരുശശാങ്കശംഖധവളപ്രൌഢപ്രഭാഭാസുരം" എന്നിങ്ങനെയുള്ള തന്മയീകരണമായ പദ്യം, അംബരീഷചരിതത്തിലെ ദുൎവ്വാസസ്സിന്റെ പ്രവേശനമായിപ്പറയുന്ന—"ഭാസ്വൽഭസ്മപരാഗപാണ്ഡുരതനുംവിദ്രാജമേണാജിനം" എന്ന പദ്യത്തിന്റെ മനസ്സന്താനമല്ലയോ എന്നു് സംശയമുണ്ടു്. നാരദൻ കുബേരസന്നിധിയിൽ രാവണപരാക്രമത്തെപ്പറ്റിയും, അതുകൊണ്ടു് സകലലോകൎക്കുമുള്ള ദുഃഖത്തെപ്പറ്റിയും, അറിയിക്കുന്ന ഭാഗം, അഭിനയഗുണംകൊണ്ടു് രംഗപുഷ്ടിയുണ്ടാക്കത്തക്കവിധമാണെന്നു് കഥകളി കാണാതെതന്നെ ആൎക്കും നിശ്ചയിക്കാവുന്നതാണ്.

"മല്ലനേർമിഴികളാടണംസദസി, മന്ദമെന്നിയെങ്ങൾപാടണം
ഇടയിൽവല്ലകീഗതികൾകൂടണം,സകലമല്ലലവനുടയകാരണം"

എന്ന പദം സംഗീതം, അഭിനയം എന്നീ വിഷയങ്ങളിൽ എത്രമാത്രം മേന്മയേറിയതാണെന്നു് രംഗം കണ്ടുതന്നെ മനസ്സിലാക്കേണ്ടതാണ്. രാവണന്റെയും, പത്നിയുടെയും ശൃംഗാരലീലയ്ക്കായി ഉപയോഗിച്ചിരിക്കുന്ന പദം രസികശിരോമണിയായ ദശകണ്ഠന്റെ പ്രതാപത്തോടൊത്തുനോക്കുമ്പോൾ അല്പവും കൂടിപ്പോയെന്നു പറയാനില്ല. "നളിനനേർമിഴിമാരിലെ......പരഭൃതമൊഴിതാമസമരുതെ" "നിശമയവചനംമേനിരുപമഗുണാകര!"--ഇത്യാദി രാവണവിജയത്തിലെ പദങ്ങൾ സംഗീതരസികതയിൽ തമ്പിയവർകളുടെ ചില പദങ്ങളേയും അധഃകരിക്കുന്നു.

'ലോകൈകകണ്ടകനായ ദശകണ്ഠപ്പെരുമാളിന്റെ പ്രതാപത്തെ തൃണവൽഗണിച്ചു് ധനപതിയുടെ ദൂതൻ വന്നുപറയുന്ന ഓരോ വാക്കുകളും, രാവണകോപാനലനു് ഒരു ചണ്ഡാനിലനെന്നപോലെ അയിത്തീരത്തക്കവണ്ണം ഹാസ്യമയമാകുന്നു.

"യാതുധാനശിഖാമണേ! ശൃണുരാജരാജനിയോഗം" ഇത്യാദിയുള്ള പദം സംഗീതഗുണത്തിലും ഒട്ടും കുറഞ്ഞതല്ല. ശിവഭക്തനായ കുബേരന്റെ ദൂതനെ രാവണൻ നിഗ്രഹിച്ചശേഷം മന്ത്രിമുഖ്യനോടുകൂടി യുദ്ധാലോചന നടത്തുന്നതും, ആ മന്ത്രിപ്രവരൻ സ്വസ്വാമിഭക്തിയ്ക്കനുയോജ്യമായി ധനപതിയോടുള്ള യുദ്ധത്തിൽ സ്വകീയമായ യുദ്ധപാടവത്തെ രംഗത്തിൽ പ്രത്യക്ഷമാക്ക

ന്നതും, നടനകലാചതുരനായ കവിയുടെ ഔചിത്യത്തോടുകൂടിയുള്ള രംഗപരിപോഷണവൈദഗ്ദ്ധ്യംതന്നെ. ശിവദാസനായ ധനപതിയോടെതിക്കുന്നതു് കുലമര്യാദയ്ക്കു യോജിച്ചതല്ലെന്നും മററും പറഞ്ഞു് രാവണകോപത്തെ ശമിപ്പിക്കാൻ ശ്രമിക്കുന്ന വിഭീഷണനെ രാവണൻ "പ്രധനഭുവി ഭീരുവാകുന്നനീയത്രെ വപാരാതെ വാഴ്കസസുഖം" "പ്രഥിതഭുജസാരനാഹമേകനെന്നാകിലും പേടിയില്ലിങ്ങുസമരേ" എന്നധിക്ഷേപിച്ചും പരിഭവിച്ചും പറഞ്ഞയയ്ക്കുന്ന രംഗം രജോഗുണപ്രധാനിയായ രാവണന്റെ അസത്സ്വഭാവരീതിയെ സർവ്വഥാ പ്രകാശിപ്പിക്കത്തക്ക വിധത്തിൽതന്നെയാണു്. ഈ ഘട്ടത്തിൽ പാത്രസ്വഭാവനിരീക്ഷണചതുരനായ കവിയുടെ ഔചിത്യം നല്ലപോലെ തെളിയുന്നുണ്ടു്.

രാവണന്റെയും കുബേരന്റെയും സേനകൾ തമ്മിലുള്ള യുദ്ധം രംഗത്തിൽ പ്രകടിപ്പിക്കാൻ കുറെ വൈഷമ്യമാണെങ്കിലും; ഇരുപേരുടെയും സേനാപതികളുടെ പോരിനുവിളികൾ രംഗസ്ഥരെ ഞെട്ടിയുണർത്തി ഉത്സാഹഭരിതരാക്കത്തക്ക ശക്തിയേറിയതാകുന്നു.

"ഭീരുതയെന്നിയെ പോരിനുനമ്മോടു നേരിടുവിൻ ജള്ളരേ!
......കുണ്ഠേതരമുഖകണ്ഠേവരമരികണ്ഠേശരനികരം
പുനരുറച്ചുവിറച്ചു രുധിരം നിറച്ചിടും സമരേ" എന്നിങ്ങനെയുള്ള പ്രഹസ്തന്റെ പോരിനുവിളികൾക്കും. "രാക്ഷരാക്ഷസനാടാഴിചെയ്വതിന്നായ് വരുന്നതാരിന്നു......ഘോരഘോരശരങ്ങളേററ തിമിരഭാവമിയന്നു സംയതിമാരുതാഹതമായ നീരദപൂരമെന്നതുപോലെമണ്ടിടും"— എന്നിങ്ങനെയുള്ള കുബേരസേനാപതിയുടെ പോരിനുവിളികൾക്കും സാമ്യം പറയത്തക്ക ഓജസ്സുള്ള പദങ്ങൾ ഇരവിവർമ്മൻതമ്പിയവർകളുടെ കൃതികളിലേ കാണുകയുള്ളു.

യുദ്ധകോലാഹലങ്ങളാൽ വളരെ സമയം മുഷിഞ്ഞിരിക്കുന്ന ദ്രഷ്ടാക്കൾക്കു് പെട്ടെന്നൊരു ആഹ്ലാദം ഉണ്ടാക്കാനായിരിക്കണം, രസികശിരോമണിയായ കവി രംഭയെ പ്രവേശിപ്പിച്ചിട്ടുള്ളതു്. വീരത്തിൽനിന്നും ശൃംഗാരത്തിലേക്കുള്ള പകർച്ച രസാപകർഷമാണെന്നു് ചിലർ വാദിച്ചേക്കാമെങ്കിലും പ്രസ്തുത കൃതിയിൽ അതു സർവ്വഥാ ഉൽക്കർഷമായിട്ടാണു് കാണുന്നതു്. എന്തെന്നാൽ നായകപാത്രമായി നോക്കുമ്പോൾ രാവണന്റെ പ്രതാപത്തെ ഒന്നുകൂടി ഉജ്ജ്വലമാക്കുന്നുവെന്നുള്ളതാണു്. രാവണവിജയത്തിലെ 'രംഭാപ്രവേശം' പോലെ ദ്രഷ്ടാക്കൾക്കു് പ്രിയതരമായുള്ള ഒരു രംഗം കഥകളികളിൽ ഉണ്ടെങ്കിൽ അതു് കീചകവധത്തിലെ സൈരന്ധ്രിയുടെ കീചകമന്ദിരപ്രവേശം മാത്രമാകുന്നു. വിടകേസരിയായ ദശകണ്ഠന്റെ രംഭയോടുള്ള—

“നീലനിചോളനിഹ്നുതമെങ്കിലും ചാലവേകാണുന്നു ചാരുതരമംഗം കാളിന്ദിവാരിയിൽഗാഹനം ചെയ്തോരു കാഞ്ചനശലാകതൻ കാന്തിയൊത്തുപോലെ......മാരാതിരേകശരമാൽ പിണകയാലെ താരാധിനാഥമുഖിതാവകവശംവദൻ പോരേമനോജ്ഞരണപോരിനുവിസംശയം” എന്നവിധം ശൃംഗാരപ്രചുരങ്ങളായ സംഭാഷണങ്ങളും, അപേക്ഷകളും രംഭയുടെ—“ആശരനാഥാ! മുഞ്ചമാം—” ഇത്യാദിയായുള്ള മറുപടികളും സംഗീതഗുണത്തെയും അതിശയിച്ച രംഗപുഷ്ടിയോടുകൂടി ദ്രഷ്ടാക്കളെ കൌതുകചിത്തവൃത്തികളാക്കുന്നതു് കണ്ടുതന്നെ അറിയണം.

പ്രഹസ്താദികളുടെ അതിനിന്ദ്യമായ പരാജയം അറിഞ്ഞു് രാവണൻ സേനയോടുംകൂടി വൈശ്രവണനെ എതിൎക്കുന്നതും യുദ്ധത്തിൽ ധനപതി നിലംപതിക്കുന്നതും, വീരരസദ്യോതകമെങ്കിലും ദ്രഷ്ടാക്കൾക്കു് രാവണനോടു വിരോധഭാവവും ധനപതിയോടു സഹതാപഭാവവും ആണു് സഞ്ജാതമാക്കുന്നതു്. അനന്തരം മാരാരിശൈലനികേതനത്തിലെത്തുന്ന രാവണനോടു് ശിവഭൃത്യനായ നന്ദിയുടെ അതിപൌരുഷങ്ങളായ വാക്കുകളും, രാവണന്റെ നിന്ദാപരമായ അധിക്ഷേപങ്ങളും തത്തൽപാത്രങ്ങളുടെ സ്വഭാവഗുണത്തിനും, പ്രതാപത്തിനും അനുസരിച്ചവിധംതന്നെയാകുന്നു.

“യാഹിയാഹിനിശാചരാധമസാഹസംതുടരായ്കനീ” ഇത്യാദിപദ്യങ്ങൾ ഓജസ്സോടുകൂടി രംഗത്തെ മുഖരിതമാക്കുന്നതു് വീരരസത്തിന്റെ പ്രതിഫലനഗുണംതന്നെ. ഇങ്ങനെ അഭിനയം, സാഹിത്യം, ഭാഷ എന്നീ വിഷയങ്ങളിൽ ഇരവിവൎമ്മൻതമ്പിയുടെ കൃതികൾക്കൊപ്പമോ, അതിൽക്കൂടുതലോ ഉള്ള നിലയാണു് രാവണവിജയത്തിനുള്ളതു്. പദദൌൎല്ലഭ്യം എന്നതു് അശേഷവും രാവണവിജയകൎത്താവിനെ ബാധിച്ചിട്ടില്ല. രാവണവിജയത്തിലെ പദങ്ങൾ ആധുനികമണിപ്രവാളത്തിന്റെ അതിപ്രൌഢമായ നിലയെ ഉദാഹരിക്കുന്നു. അൎത്ഥഗ്രഹണത്തിനു് ഹാനികരങ്ങളായ പദഘടനകളോ, അനന്വയക്ലിഷ്ടതകളോ പ്രസ്തുതകൃതിയിൽ കണികാണ്മാൻപോലുമില്ല. യമകം, അന്ത്യപ്രാസം തുടങ്ങിയുള്ള ശബ്ദാലങ്കാരങ്ങളും, ഉൽപ്രേക്ഷ, രൂപകം തുടങ്ങിയുള്ള അൎത്ഥാലങ്കാരങ്ങളും, പ്രസ്തുതകൃതിയിൽ വൈദ്യുതദീപംപോലെ പ്രകാശിക്കുന്നു. ആശയജടിലങ്ങളും, പ്രാസഭ്രയിഷ്ഠങ്ങളുമായ പദ്യങ്ങൾ, രാവണവിജയംകഥകളിയെ അലങ്കരിക്കുന്നു. രസഭാവം പകരുന്നതനുസരിച്ചു് പദഗുംഭനംചെയ്യുന്നതിനുള്ള തമ്പുരാന്റെ കവിതാസാമൎത്ഥ്യം അനന്യസാധാരണമത്രേ.

"ഘനാരാവഘനാരവപ്രതിമകണ്ഠാരന്ധ്രാൽഗളൽ" എന്നും,
'യുദ്ധേബദ്ധാവലേപൈസ്തദനുകൃതരണോത്സാരണേസാരണേപി'
എന്നും ഉള്ള പദ്യങ്ങൾ അതിനു ഉത്തമലക്ഷ്യങ്ങളാണ്. തമ്പുരാന്റെ വാഗ്വശ്യതയും പ്രാസസുലഭതയും—

"ആശേശേപിനിശാചരേശപരശരാവേശാവശോ മന്ത്രിണോ" എന്നു തുടങ്ങുന്ന ഒററപ്പദ്യത്തിൽനിന്നുതന്നെ സ്പഷ്ടമാകുന്നു. ശൃംഗാരഭാവപ്രകടനഘട്ടങ്ങളിൽ അവിടുന്ന് പ്രയോഗിക്കുന്ന ഭാഷയും, സംഗീതവും ഇതരഗ്രന്ഥകർത്താക്കന്മാൎക്കാൎക്കുംതന്നെ വശപ്പെട്ടിട്ടില്ലെന്നുവേണം പറയാൻ.

"രാകാധിനാഥരുചിരഞ്ജിതനിശായാം"

"ആശരനാഥാ! മുഞ്ചമുഞ്ചമാം"

"പരഭൃതമൊഴിപാൎത്താൽ" ഇത്യാദിപദങ്ങൾ സംഗീതഗുണംകൊണ്ടും, ഭാഷാസാരള്യംകൊണ്ടും, രസഭാവപ്രകടനംകൊണ്ടും, ഉൽകൃഷ്ടതരങ്ങളത്രേ.

പ്രസ്തുതകൃതിയിലെ പ്രധാനരസം വീരമാകുന്നുവെങ്കിലും അന്ത്യം ശുഭമായി പൎയ്യവസാനിപ്പിക്കണമെന്നു ഉദ്ദേശമുള്ള കവിക്ക് വീരത്തെ അന്ത്യംവരെ ഉൽക്കൎഷപ്പെടുത്തി രസപ്രകടനം സാധിക്കണമെന്ന് ആശയുള്ളതായിക്കാണുന്നില്ല. തന്നിമിത്തം ശൃംഗാരവീരരസങ്ങൾ ഇടയ്ക്കിടയ്ക്ക് പ്രോജ്ജ്വലിക്കമാത്രമേ ചെയ്യുന്നുള്ളു. എന്നാൽ ആ രസങ്ങളുടെ പ്രകടമായഭാവം അവൎണ്ണ്യവുമാണ്.

അൽപ്പാടെ പറയുകയാണെങ്കിൽ അശ്വതിതിരുനാൾ തിരുമനസ്സിലെ സാഹിത്യപ്രൌഢിയും, തമ്പിയവർകളുടെ പ്രസാദഗുണം, ശയ്യ, മണിപ്രവാളശുദ്ധി, സംഗീതം ഇവയും ഒന്നുചേൎന്ന് പരിലസിക്കുന്നതാണ് രാവണവിജയം കഥകളിയെന്നുള്ളതിന് തൎക്കമില്ല.

കഥകളിയെക്കുറിച്ചു യാതൊരു ഗന്ധവുമില്ലാത്ത ഇക്കാലത്തെ ഏതു പച്ചപ്പരിഷ്കാരിയോടുപോലും, ഒരു കഥകളി നടത്താൻ ഏതു കഥയാണ് വേണ്ടതെന്നു ചോദിച്ചാൽ നിശ്ചയമായും—

ദുൎയ്യോധനവധം

എന്നു വിളിച്ചുപറയും. അത്രമാത്രം പൊതുജനങ്ങളുടെ ഇടയിൽ പ്രിയതരമായിത്തീൎന്നിട്ടുള്ള ഒന്നാണ് ദുൎയ്യോധനവധം കഥകളി. പ്രസ്തുതകൃതിയുടെ കൎത്താവു ദോഷജ്ഞശേഖരനായ വയസ്കര മൂസ്സവർകളാകുന്നു. സാഹിത്യഗുണംകൊണ്ടും മററും പ്രസിദ്ധിനേടിയ ഇതരകൃതികളോട് പ്രസ്തുതകൃതിക്ക് സാമീപ്യം സിദ്ധിക്കുന്നില്ലെങ്കിലും, അഭിനയഗുണംകൊണ്ടു അവയേക്കാൾ എല്ലാക്കാല

ത്തും ആരാധ്യമായിത്തീർന്നിരിക്കുന്നുവെന്നുള്ളതിന് സംശയമില്ല. പാണ്ഡവകൌരവന്മാരുടെ സാമ്രാജ്യമത്സരങ്ങളും, ദുര്യോധനാദികളുടെ പാണ്ഡവപരമായുള്ള ദ്രോഹാലോചനകളും, അവയുടെ പരിണാമവും കവി കഴിയുന്നത്ര രംഗഭംഗിയോടുകൂടി പ്രത്യക്ഷമാക്കിയിരിക്കുന്നു.

ചൂതുകളി, പാഞ്ചാലീവസ്ത്രാക്ഷേപം, ശ്രീകൃഷ്ണദൂത് എന്നിങ്ങനെ ഓരോ ഘട്ടങ്ങളിലായി ദുർമ്മദാന്ധനായ ദുര്യോധനനിൽ പ്രേക്ഷകർക്ക് വിരോധബുദ്ധി ജനിപ്പിച്ചിട്ട് അയാളുടെ വധത്തോടുകൂടി എന്തെന്നില്ലാത്ത ഒരു സമാധാനം ഉണ്ടാകുന്നതിനാലാണ് ഈ കഥയ്ക്ക് ഇത്രമാത്രം പ്രചുരപ്രചാരം സിദ്ധിക്കാൻ ഇടവന്നത്. രാജസൂയം കഴിഞ്ഞു ഇന്ദ്രപ്രസ്ഥത്തിൽ താമസിക്കുന്ന ധർമ്മജാദികളോടു പരോൽക്കർഷാസഹിഷ്ണുവായ ദുര്യോധനൻ അവരെ ഏതുവിധവും ഓട്ടിക്കേണ്ട മാർഗ്ഗത്തെപ്പററി മാതുലനായ ശകുനിയോടാലോചിക്കുന്നതും മററും എത്രയും മർമ്മഭേദകമായവിധമാണ് രംഗസ്ഥർക്ക് അഭിമുഖീകരിക്കുന്നത്. ശക്രപ്രസ്ഥപുരിയിൽ വച്ച് സ്ഥലജലഭ്രമം ഭവിച്ച ദുര്യോധനനെ മാരുതി 'ഹസിച്ചതും' 'പാഞ്ചാലി ചിരിച്ചതും' അയാൾക്ക് പാണ്ഡവരോടുള്ള വിരോധം വർദ്ധിക്കുന്നതിനു നിദാനവുമായി. "മമതാപാരിഭാരം മാതുല—യമാത്മജന്മാരുടെ സഭാഗൃഹം ഭീമയമാർജ്ജുനാദ്യരിഭയാവഹം, വിമാനസന്നിഭമഹാമഹം അതിതരാഗമിച്ചു സംപ്രതി ജവാദഹം......"മമതാവാരിരാശേമാതുലമാനിച്ചുകേൾക്ക") ഇത്യാദി ദുര്യോധനന്റെ ശകുനീസമക്ഷമുള്ള ആവലാതിയും,

'ആതുരഭാവമിതൊഴിക്കണം' തവതാതനുമിന്നനുവദിക്കണം, പ്രേതപപുത്രനെ വരുത്തണം, മമചാതുര്യച്ചതിയെടുക്കണം" ഇത്യാദി ആ ശകുനിയുടെ സാടോപമായുള്ള പ്രത്യുത്തരങ്ങളും, ഓരോ പാത്രങ്ങളുടെയും സ്വഭാവത്തിനൊത്തവിധം താളമേളങ്ങളോടുകൂടി രംഗത്തെ ഉജ്ജ്വലമാക്കിത്തീർക്കുന്നത് എത്രയും ഉത്സാഹജനകമാകുന്നു. ദുര്യോധനവധത്തിലെ ചൂതുകളിപോലെ രംഗസ്ഥർക്ക് ദർശനോൽസുകതയെ പ്രദാനംചെയ്യുന്ന ഒരു രംഗം ദുർല്ലഭമാകുന്നു. ചൂതിൽ സകലതും പണയംവച്ച് സഹോദരന്മാരെയും, പാഞ്ചാലിയെയുംകൂടി അടിമയാക്കുന്ന അവസരത്തിൽ പകവീട്ടാനായി ദുശ്ശാസനനെക്കൊണ്ട് പാഞ്ചാലിയുടെ വസ്ത്രാക്ഷേപം ചെയ്യിക്കുന്ന രംഗം ഏതു അശ്മഹൃദയനും, വൈരാഗ്യം സങ്കടം എന്നീ വികാരങ്ങൾക്കടിമപ്പെട്ടുപോകാതിരിക്കയില്ല.

(തുടരും)